www.malankaralibrary.com

# കോവിഡുകാല അജപാലനം : വെല്ലുവിളികളും നവീനഭാവങ്ങളും

ഡോ. ജോസ് പാലക്കീൽ*

കോവിഡ് മഹാമാരി മനുഷ്യജീവനെന്നതുപോലെ മാനുഷിക സംസ്കാരത്തിനും വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ അടച്ചുപൂട്ടലും കണിശമായ സാമൂഹിക അകലംപാലിക്കലും മാസ്ക് ധരിക്കലും മനുഷ്യന്റെ മൗലികസാമൂഹികഭാവത്തിനും മതസാംസ്ക്കാരിക ആവിഷ്ക്കാരത്തിനും കടിഞ്ഞാണിട്ടിരിക്കുകയാണ്. അതുവഴി സാധാരണത്വം (normal life) എന്നു നാം കരുതി ആസ്വദിക്കുന്ന ഒത്തുചേരലുകളും കൂട്ടായ്മകളും അനുദിന ജീവിതക്രമങ്ങളും താളംതെറ്റുകയും സാമൂഹിക അകലം ക്രമേണ സാമൂഹിക അന്യവൽക്കരണത്തിനും അസാധാരണമായ ഏകാന്തതയ്ക്കും വഴി തുറക്കുകയും ചെയ്യുന്നു. അങ്ങനെ, പ്രതിസന്ധിഘട്ടങ്ങളിൽ ആശ്രയമാകുന്ന ഐക്യദാർഢ്യവും പരസ്പരാശ്രയത്വവും അസാധ്യമാവുകയും ദുഃഖദുരിതങ്ങളിൽ ആശ്വാസമാകുന്ന മതാനുഷ്ഠാനങ്ങൾ പോലും സംലഭ്യമല്ലാത്ത അവസ്ഥ സംജാതമായിരിക്കുകയുമാണ്. അങ്ങനെ ഒത്തുചേരലുകളും ആഘോഷങ്ങളും ഉത്സവങ്ങളും പൊതു വിനോദങ്ങളും പൊതു ആരാധനയും ഇല്ലാത്ത വിരസമായ ഒരു ജീവിതക്രമം അടിച്ചേല്പ്പിച്ചിരിക്കുകയാണ് ഈ മഹാമാരി. ഇത്തരം ഒരു സാഹചര്യം മനുഷ്യന്റെ സാമൂഹിക-സാംസ്കാരിക-മതാത്മക ജീവിതത്തെ എങ്ങനെ ബാധിച്ചിരിക്കുന്നുവെന്നും ദിശാമാറ്റം വരുത്തിക്കൊണ്ടിരിക്കുന്നുവെന്നുമുള്ള ചിന്തകളും പഠനങ്ങളും ധാരാളം നടക്കുന്നുണ്ട്. സവിശേഷമായി, മതാത്മക ജീവിതത്തിനുള്ള വെല്ലുവിളികളെയും നവീനഭാവങ്ങളെയുംകുറിച്ച് മാത്രമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുക.

---

* എം.എസ്.ടി. സഭാംഗമായ ഡോ ജോസ് പാലക്കീൽ ഉജ്ജയിനിലുള്ള റൂഹാലയ മേജർ സെമിനാരിയിൽ ദൈവശാസ്ത്രവിഭാഗം ഡീനാണ്. റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിൽ നിന്നും ഫണ്ടമെന്റൽ തിയോളജിയിൽ ഡോക്ടറേറ്റും സോഷ്യൽ കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദവും സമ്പാദിച്ചിട്ടുണ്ട്.

www.malankaralibrary.com


മൗലിക ആസ്തികതയും നാസ്തികതയും ഒരുപോലെ കുഴയ്ക്കുന്ന ചോദ്യങ്ങൾ ഈ മഹാമാരി ഉയർത്തുന്നുണ്ട്. ദൈവാസ്തിത്വത്തെയും മതത്തിന്റെ പ്രസക്തിയെയും ഭൗതികവാദികൾ വെല്ലുവിളിക്കുമ്പോൾ, ഈ മഹാമാരിയെ ദൈവശിക്ഷയായും മനുഷ്യന്റെ അമിതമായ ആസക്തികളുടെ അനന്തരഫലമായും മതമൗലികവാദികൾ ചിത്രീകരിക്കുന്നു. ദൈവവിശ്വാസത്തിലേക്കും പാരസ്പരികതയിലേക്കും സന്മാർഗജീവിതത്തിലേക്കും ആദ്ധ്യാത്മികതയിലേക്കുമുള്ള ചൂണ്ടു പലകയും ആഹ്വാനവുമാണീ മഹാമാരിയെന്ന് യഥാർത്ഥ വിശ്വാസികളും കരുതുന്നു. ഇത്തരുണത്തിൽ, ഈ മഹാപ്രതിസന്ധിയെ മറികടക്കാൻ യുക്തിയും വിശ്വാസവും മനുഷ്യപ്രയത്നവും പ്രാർത്ഥനയും ഒന്നിച്ചുകൊണ്ടുപോകുക പ്രധാനമാണ്.

കോവിഡുകാല നിയന്ത്രണങ്ങൾ മതപരമായ ഒത്തുചേരലുകളെയും ആഘോഷങ്ങളെയും നിരോധിക്കുകവഴി കൂട്ടായ്മാടിസ്ഥിതമായ മതങ്ങൾക്ക് ഏറെ പ്രഹരമേൽപ്പിച്ചിരിക്കുകയാണ്. ദേവാലയകേന്ദ്രീകൃതമായ ആരാധനയിലും കൂദാശാനുഷ്ഠാനങ്ങളിലും തിരുക്കർമ്മങ്ങളിലും ആശ്രയിക്കുന്ന കത്തോലിക്കാസഭയെയും ഇതര സഭകളെയുമാണ് കോവിഡുകാല നിയന്ത്രണങ്ങൾ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധികളെ മറികടക്കാൻ ആധുനിക സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ സഹായത്തോടെ സഭ നടത്തുന്ന ഇടപെടലുകൾ കത്തോലിക്കാ അജപാലനരംഗത്ത് പല നൂതന പരീക്ഷണങ്ങൾക്കും വഴിതുറന്നിട്ടുണ്ട്. കോവിഡാനന്തരകാലത്തും ഡിജിറ്റൽ മാധ്യമാശ്രയത്വം നിർണായകമാകുമെന്നത് ശ്രദ്ധേയമാണ്.

## 1. കോവിഡാനന്തരലോകം വ്യത്യസ്തമായിരിക്കും

കോവിഡ്പ്രതിസന്ധി രൂക്ഷമായി ആറു മാസങ്ങൾക്കു ശേഷം 2020 നവംബറിൽ ഗാർഡിയൻ (The Guardian) ദിനപത്രം വ്യത്യസ്ത മേഖലകളിലുള്ള വിദഗ്ധരോടായി ഒരു ചോദ്യം ചോദിക്കുകയുണ്ടായി: 'കോവിഡാനന്തരലോകം, ഇന്നത്തെപോലെ തുടരുമോ, അതോ വ്യത്യസ്തമായിരിക്കുമോ'? (Post-Covid, will the world be the same?!). ശാസ്ത്ര-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ നിന്നുള്ള ഈ വിദഗ്ധർ എല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞ ഒരു കാര്യം 'കോവിഡാനന്തര ജീവിതരീതി നാമിന്നു ശീലിച്ചതും അനുഷ്ഠിച്ചുവരുന്നതുമായ സാമൂഹിക-സാംസ്കാരിക-വ്യവസായിക രീതികളിൽ നിന്നും

www.malankaralibrary.com



വ്യത്യസ്തമായിരിക്കുമെന്നാണ്.' കൊറോണമഹാമാരി വർഷങ്ങൾ നീണ്ടുപോയാൽ മനുഷ്യജീവിതരീതികളെയെല്ലാം ആഴമായി ബാധിക്കുന്ന സ്ഥായിയായ മാറ്റങ്ങൾ തൊഴിൽ-വിദ്യാഭ്യാസ-വിനോദമേഖലയിലും, ഭവന-സ്ഥാപന-ഗതാഗതരൂപകല്പനകളിലും ആവാസവ്യവസ്ഥകളിലും ആരോഗ്യപരിപാലനം-ഭക്ഷണക്രമം-ചികിത്സാരീതികൾ, വിനോദപ്രക്രിയകൾ, സാമൂഹ്യ ഇടപെടലുകൾ, മതാനുഷ്ഠാനങ്ങൾ എന്നിവയിലും നിലവിൽ വന്നേക്കാം. പുതിയ സാധാരണത്വം (new normal) നിലവിൽ വരികയും മനുഷ്യജീവിതക്രമത്തിലും വ്യാപാരങ്ങളിലും ശുഭോദർക്കമായ പല മാറ്റങ്ങൾക്ക് വഴിതുറന്നേക്കാമെന്നതും ആശാവഹമാണ്. വ്യക്തി-സമൂഹ ഇടപെടലുകളുടെ അനുപാതത്തിലും മതാത്മകതയും ആദ്ധ്യാത്മികതയും (religiosity vs spirituality) തമ്മിലുള്ള വേർതിരിവിലും പരമ്പരാഗത-ആധുനിക മാധ്യമങ്ങളുടെ വിന്യാസത്തിലുമായിരിക്കും നവീനഭാവങ്ങൾ പ്രകടമാവുക.

സോപ്പുകൊണ്ട് കഴുകിയാൽ നശിക്കുന്ന നിസ്സാരമായ ഒരു വൈറസ് ശാസ്ത്രസാങ്കേതികവിദ്യകളെയും, വൈദ്യശാസ്ത്രമുന്നേറ്റങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് ലോകശക്തികളെ മുഴുവൻ വിറപ്പിച്ചുകൊണ്ടിരിക്കുകയാണ്. 'കേവലദൗർബല്യത്തിന്റെ നിമിഷം' (a moment of absolute weakness) എന്ന് Jeff Christopherson ഈ സാഹചര്യത്തെ വിശേഷിപ്പിച്ചിരിക്കുന്നത് ചിന്തനീയമാണ്. Intimations എന്ന ലേഖനപരമ്പരയിൽ Zadie Smith എന്ന അമേരിക്കൻ എഴുത്തുകാരി കൊറോണയുടെ പ്രഭാവത്തെ 'ഭൂഗോള എളിമപ്പെടൽ' (global humbling) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലക്ഷക്കണക്കിനാളുകളുടെ ജീവനപഹരിക്കുകയും ആഗോളതലത്തിൽ സാധാരണ ജീവിതത്തെ സ്തംഭിപ്പിച്ചുകൊണ്ട്, ജീവന്റെ മൂല്യത്തെയും അർത്ഥത്തെയും കുറിച്ച് കോവിഡ് ഉയർത്തുന്ന ചോദ്യശരങ്ങൾ ഏറെയാണ്. ശാസ്ത്രമുന്നേറ്റങ്ങളിൽ ഊറ്റം കൊള്ളുന്ന ഭൗതികവാദവും പ്രശ്നങ്ങൾക്ക് വിശ്വാസാധിഷ്ഠിതമായ ഉത്തരം തേടുന്ന മതവിശ്വാസവും ഉപഭോഗസംസ്കാരത്തിലധിഷ്ഠിതമായ ആധുനികതയും ഒരുപോലെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഈ മേഖലകളിലെല്ലാം അഭിലഷണീയവും അനഭിലഷണീയവുമായ പല മനോഭാവമാറ്റങ്ങൾക്കും ഈ മഹാമാരി തുടക്കമിടുന്നുവെന്ന് നിസ്സന്ദേഹം പറയാവുന്നതാണ്.

ഈ മഹാമാരി മൂലമുണ്ടായ കോട്ടങ്ങളുടെ കണക്കു നിരത്തുക അസാധ്യമാണ്. അനേകരുടെ ജീവഹാനി കഴിഞ്ഞാൽ ഏറ്റവും വലിയ

www.malankaralibrary.com


നഷ്ടം ഈ മഹാമാരി വരുത്തിയ വൈകാരിക ദുരന്തമാണ് (emotional toll). അനേകർ അനുഭവിക്കുന്ന ഏകാന്തതയും ഒറ്റപ്പെടലും അവഗണനയും അന്യതാബോധവും സുരക്ഷിതത്വമില്ലായ്മയും ദുരുപയോഗം ചെയ്യപ്പെടലും മാനസികപീഡയും അളന്നു തിട്ടപ്പെടുത്താവുന്നവയല്ല. കുടുംബങ്ങളിൽ മുതിർന്നവരും സ്ത്രീകളും കുട്ടികളുമാണെങ്കിൽ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ദരിദ്രരും തൊഴിൽ നഷ്ടപ്പെട്ടവരും ഭവനരഹിതരും നിത്യരോഗികളും അനുഭവിക്കുന്ന യാതനകളും അസംഖ്യമാണ്.

ഈ മഹാദുരന്തത്തിനിടയിലും 'കറുത്തിരുണ്ട മേഘങ്ങളിലെ വെള്ളിരേഖ' പോലെ ചില സാത്വികഭാവങ്ങളും തെളിയുന്നുണ്ട്! കോവിഡിനെതിരെ പടപൊരുതി രോഗീശുശ്രൂഷ ചെയ്യുന്ന ഡോക്ടർമാരും നഴ്സുമാരും ആരോഗ്യപ്രവർത്തകരും വറ്റാത്ത മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകങ്ങളാണ്. സാമൂഹിക അകലം നിയമമായ ഇക്കാലത്ത് കൂട്ടായ്മയുടെയും പരസ്പര സഹകരണത്തിന്റെയും ആവശ്യകതയും മാധുര്യവും മനസിലാക്കുവാനും അധികസമയം കുടുംബത്ത് ചിലവഴിച്ച് പരസ്പരം അറിയുന്നതുവഴി സ്നേഹത്തിൽ വളരുന്നതിനും ഈ മഹാമാരിക്കാലം ഉപകരിക്കുന്നുണ്ട്. അതോടൊപ്പം പ്രകൃതിയിലേക്ക് തിരിയുവാനും ആരോഗ്യകരമായ ഭക്ഷണക്രമവും ജീവിതരീതിയും അഭ്യസിക്കാനും ഇക്കാലം ഇടയാക്കുന്നുണ്ട്. വ്യക്തികളെ സംബന്ധിച്ചിടത്തോളം ആത്മാവബോധത്തിലും ആദ്ധ്യാത്മികതയിലും ദൈവവിചാരത്തിലും സാഹോദര്യത്തിലും വളരുവാനും നിർബന്ധിത വിശ്രമകാലം സഹായകരമാണ്. തിരക്കുകളില്ലാതെ ദൈവത്തോടും സഹജീവികളോടും പ്രകൃതിയോടുമിണങ്ങി വായനയിലും, വിനോദങ്ങളിലും കലകളും കളികളും പാട്ടും സിനിമയും ഇഷ്ടഭോജനവുമൊക്കെ ആസ്വദിക്കുന്നതിലും ഇക്കാലം ഉപയോഗപ്പെടുത്തിയവർ തികച്ചും കൃതാർത്ഥരാണ്. സമ്പാദന വ്യഗ്രതയും ഉപഭോഗസംസ്കാരവും കൈവെടിഞ്ഞ് സംതൃപ്തജീവിതം ആസ്വദിക്കാൻ പഠിച്ചവരും ഏറെയുണ്ട്. അങ്ങനെ പ്രതികൂല പ്രക്രിയകളെ ചവിട്ടുപടികളാക്കി മുന്നോട്ടു കുതിക്കുവാൻ പഠിച്ചവർക്ക് കൊറോണാക്കാലം അനുഗ്രഹപ്രദമാണ്.

മേൽപ്പറഞ്ഞ വൈയക്തിക നേട്ടങ്ങളോടൊപ്പം മതസാംസ്കാരിക മേഖലകളിൽ നവീനാശയങ്ങളും സമ്പ്രദായങ്ങളും രൂപപ്പെട്ടുവരുന്നതും ശുഭോദർക്കമാണ്.

www.malankaralibrary.com



കോവിഡ് മനുഷ്യന്റെ മതാത്മകചിന്തകളെയും വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും മതസങ്കല്പങ്ങളെയും എത്രയധികം മാറ്റിമറിച്ചുകൊണ്ടിരിക്കുന്നുവെന്നറിയാൻ ഗൂഗിളിൽ ഒന്നു പരതിയാൽ മതിയാകും. യാഥാസ്ഥിതികവും അതിപുരാതനരവുമായ വിചിന്തനങ്ങളോടൊപ്പം വളരെ പക്വമായ പ്രതികരണങ്ങളും നമുക്കവിടെ കാണാൻ സാധിക്കും. കൊറോണയും വാക്സിനുമൊക്കെ അന്തിക്രിസ്തുവിന്റെ അടയാളവും ആഗമനത്തിനു മുന്നറിയിപ്പുമാണെന്ന് ചിന്തിക്കുന്നവരും നോഹിന്റെ കാലത്തെ പ്രളയംപോലെ പാപികളെയും തിന്മപ്രവർത്തിക്കുന്നവരെയും നശിപ്പിക്കാനാണെന്നും അതല്ല, ഇത് വംശീയ ഉന്മൂലനത്തിനു വേണ്ടി മനുഷ്യൻതന്നെ രൂപകല്പന ചെയ്ത ജൈവായുധമാണെന്നും അതല്ല, മനുഷ്യന്റെ ഭൗതികജീവിതത്തിന്റെ പരിമിതികളിൽ ഒന്നു മാത്രമാണെന്നും ഒക്കെയുള്ള വാദഗതികൾ സുലഭമാണ്. യുക്തിയും വിശ്വാസവുമാകുന്ന രണ്ട് ചിറകുകളുപയോഗിച്ച് പറന്നുപൊങ്ങി ഈ മഹാമാരിക്കാലത്തെ അതിജീവിക്കണം എന്ന ഉറച്ച വിശ്വാസത്തിലൂന്നിയാണ് കത്തോലിക്കാസഭയുടെ അജപാലനവും ആതുരശുശ്രൂഷയും മുന്നേറുന്നത്. അതിനാൽത്തന്നെ ഈ മഹാമാരിക്കെതിരെ ശാസ്ത്രീയ-വൈദ്യ-ശാസ്ത്ര പരിഹാരവും പരസ്നേഹത്തിലൂന്നിയ കൂട്ടായ പരിശ്രമവും ദൈവാരാധനയും പ്രാർത്ഥനയും കാര്യക്ഷമമാക്കിയുള്ള വിശ്വാസാധിഷ്ഠിത ജീവിതവുമാണ് കത്തോലിക്കാസഭയുടെ കോവിഡുകാല അജപാലന പരിപാടികൾക്ക് വഴികാട്ടിയും ഊർജവുമാകുന്നത്.

**2. സഭയും കോവിഡുകാല അജപാലനസംരംഭങ്ങളും**

കോവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയ സമ്പൂർണ്ണ/ഭാഗിക അടച്ചുപൂട്ടലും സാമൂഹിക അകലംപാലിക്കലും പൊതുജീവിതത്തെ സ്തംഭിപ്പിച്ചതുപോലെതന്നെ മതാനുഷ്ഠാനങ്ങളെയും ആഘോഷങ്ങളെയും സാരമായി ബാധിക്കുകയുണ്ടായി. പ്രധാന തിരുനാളുകളും വിശേഷദിവസങ്ങളും ആഘോഷങ്ങളും ഉത്സവങ്ങളും റദ്ദാക്കപ്പെടുകയോ, നാമമാത്രമായി ചുരുങ്ങിപ്പോകുകയോ ചെയ്തതുവഴി പള്ളികളിലും ക്ഷേത്രങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലുമൊക്കെ പോകാൻ സാധിക്കാതെ ആളുകൾ നിരാശരായി. വലിയ ആഘോഷങ്ങളിൽ മാത്രമല്ല അനുദിന ആരാധനകളിൽ ഏർപ്പെടുത്തപ്പെട്ട കർശന വിലക്കുകളും പങ്കെടുക്കുന്നവരുടെ അംഗസംഖ്യ പരിമിതപ്പെടുത്തലും കാരണം അധികമാളുകൾക്ക് മതകർമ്മങ്ങളിൽ പങ്കെടുക്കാനോ പര

www.malankaralibrary.com


സ്യാരാധനയും പ്രാർത്ഥനയും നടത്താനോ സാധിക്കാത്ത അവസ്ഥയുമുണ്ടായി. ജനനം, വിവാഹം, മരിച്ചടക്ക് തുടങ്ങിയ സുപ്രധാന അവസരങ്ങളിലുള്ള മതകർമ്മങ്ങളും പരിമിതപ്പെട്ടു. രോഗഭീതിയും മരണഭയവും തൊഴിലില്ലായ്മയും ദാരിദ്ര്യവും ദുഃഖവും കാരണം ഭഗ്നാശരായവർക്കുപോലും ആരാധനാകേന്ദ്രങ്ങളിൽ പോകാനോ തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളാനോ സാധിക്കാതെ വിഷമിക്കേണ്ടിവന്നു. ഈ മാറ്റങ്ങൾ മതങ്ങളുടെ മൗലിക സ്വഭാവത്തിനുതന്നെ മാറ്റംവരുത്തിയെന്നു പറയാം. ഈ നിയന്ത്രണങ്ങൾ എല്ലാ മതസ്ഥരെയും ഒരുപോലെ ബാധിക്കുന്നവയായിരുന്നെങ്കിലും സമൂഹാരാധനയിലും കൗദാശിക കൂട്ടായ്മയിലും അടിസ്ഥിതമായ കത്തോലിക്കാവിശ്വാസത്തെയാണ് കോവിഡുകാലം ഏറ്റവുമധികം ബാധിച്ചത്.

പൊതു ആരാധനയും കൂദാശകളും ഭക്തകൃത്യങ്ങളും നിലച്ചതോടെ ദേവാലയങ്ങൾ വിജനമാവുകയും, തിരുക്കർമ്മങ്ങൾ നാമമാത്രമാവുകയും, വൈദികർ ഒറ്റപ്പെടുകയും ചെയ്തു. അനുദിന ദിവ്യബലിയിലും ഞായറാഴ്ച ആചരണത്തിലും പങ്കെടുക്കാതെയും കുമ്പസാരവും കുർബാനസ്വീകരണവും മുടങ്ങുകയും, മാമ്മോദീസ, വിവാഹം, മരിച്ചടക്ക് തുടങ്ങിയ കർമ്മങ്ങളിൽ കുടുംബാംഗങ്ങൾ മാത്രമായി ചുരുങ്ങുകയും ചെയ്യുകവഴി ജനങ്ങളും ദുഃഖിതരായി. കൂദാശകളും, ഭവനസന്ദർശനവും, കുടുംബകൂട്ടായ്മകളും, ഭക്തസംഘടനകളുടെയും മറ്റും മീറ്റിങ്ങുകളും ഞായറാഴ്ചയിലെ വിശ്വാസപരിശീലനവുമെല്ലാം മുടങ്ങിയതുവഴി ദേവാലയങ്ങളും പരിസരവും നിർജനമായി. തീർത്ഥാടനകേന്ദ്രങ്ങളും ധ്യാനകേന്ദ്രങ്ങളും ദേവാലയങ്ങളും ശൂന്യമായി. ഈ പ്രതിസന്ധി മറികടക്കാനായി മെത്രാന്മാരും വൈദികരും ആധുനിക സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ സഹായത്തോടെ ദിവ്യബലിയും തിരുക്കർമ്മങ്ങളും മറ്റു അജപാലന സേവനങ്ങളും ജനങ്ങളിലേക്കെത്തിക്കാൻ തയ്യാറായി. ഗ്രൂപ്പു മീഡിയയിലും വാചിക-എഴുത്തു മാധ്യമങ്ങളിലും പ്രധാനമായും ആശ്രയിച്ചിരുന്ന കത്തോലിക്കാ അജപാലനം കോവിഡുപ്രതിസന്ധി മറികടക്കാനായി തിടുക്കത്തിൽ ഡിജിറ്റൽ മാധ്യമങ്ങളിലേക്ക് കുടിയേറുകയായിരുന്നു. പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും സമൂഹാരാധനകളിൽ ഭാഗഭാക്കാകുന്നതിനും വ്യക്തിപരമായ ഭക്താഭ്യാസങ്ങൾക്കും വിശ്വാസപരിശീലനത്തിനുമൊക്കെ ഫോണും ഇന്റർനെറ്റും ഉപയോഗിക്കാൻ ജനങ്ങളും സന്നദ്ധരായി. അങ്ങനെ കോവിഡുകാലത്ത് സഭ ഡിജിറ്റൽ യുഗത്തിലേക്ക് കാൽവെപ്പ്

www.malankaralibrary.com



നടത്തിയതുവഴി അജപാലനരംഗത്ത് നവീനഭാവങ്ങൾക്ക് നാന്ദി കുറിച്ചു.

## 2.1 ദേവാലയകർമ്മങ്ങൾ ഓൺലൈനിൽ

കോവിഡുകാലത്തിന്റെ വെല്ലുവിളികളെ നേരിടാനായി തുടങ്ങിയ അജപാലന അനുരൂപണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ദേവാലയ തിരുക്കർമ്മങ്ങളുടെ തത്സമയ സംപ്രേഷണം സാമൂഹ്യമാധ്യമങ്ങളിലൂടെ (social media) ജനങ്ങൾക്ക് സംലഭ്യമാക്കിയതാണ്. മിക്ക ഇടവകകളും രൂപതകളും ഞായറാഴ്ചയിലെ ദിവ്യബലിയും വിശേഷാവസരങ്ങളിലെ തിരുക്കർമ്മങ്ങളും You Tube, Facebook, Website തുടങ്ങിയ ചാനലുകളിലൂടെ ലൈവ് ആയിത്തന്നെ സംപ്രേഷണം ചെയ്യാൻ തുടങ്ങി. ഇതിനു മുമ്പും കത്തോലിക്കാ ടിവി ചാനലുകളും വിവിധ ധ്യാനകേന്ദ്രങ്ങളും ദിവ്യബലിയും കൊന്തനമസ്ക്കാരവും ദിവ്യകാരുണ്യ ആരാധന, ധ്യാനങ്ങൾ, കൺവെൻഷനുകൾ തുടങ്ങിയവയും ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യാറുണ്ടായിരുന്നെങ്കിലും അവയൊക്കെ പ്രത്യേക അവസരങ്ങളിലോ, ഏതെങ്കിലും ശാരീരികബുദ്ധിമുട്ടകൾ മൂലം ദേവാലയത്തിൽ എത്താൻ സാധിക്കാത്ത രോഗികൾ, പ്രായമായവർ എന്നിവർക്കൊക്കെ വേണ്ടിയായിരുന്നു. കോവിഡുകാലത്ത് തിരുക്കർമ്മങ്ങളുടെ സംപ്രേഷണത്തിന് മൂന്നു പ്രധാന പ്രത്യേകതകൾ ഉണ്ട്. ഒന്നാമത്, ഇതിനായി ടെലിവിഷനല്ല മറിച്ച് മൊബൈൽ ഫോണും ഇന്റർനെറ്റുമാണ് ഉപയോഗിച്ചത്. യൂടൂബിലും ഫേസ്ബുക്കിലുമൊക്കെയായി തത്സമയ സംപ്രേഷണമാണ് നടത്തിയത്. രണ്ടാമത്, ഇടവകജനങ്ങളെയെല്ലാം ലക്ഷ്യംവച്ചുകൊണ്ട് ഇടവകതലത്തിലാണ് ഈ സംപ്രേഷണങ്ങൾ നടന്നത്. മൂന്നാമതായി, ഞായറാഴ്ച്ചക്കടം തീരാൻ ഇത്തരം ദിവ്യബലിയിൽ പങ്കെടുത്താൽ മതിയെന്ന് സഭാധികാരികൾ പരോക്ഷ അനുവാദവും നൽകി. അതുവഴി ലോക്ഡൗൺകാലത്ത് ദിവ്യബലി 'കാണാനും, കേൾക്കാനും' (to see and hear) ഓൺലൈനായി പങ്കെടുക്കാനും വചനപ്രഘോഷണം കേൾക്കാനും ഇടവകവികാരിയും ഇടവകക്കാരുമായി ബന്ധം നിലനിർത്താനും സാധിച്ചു.

സാമൂഹികമാധ്യമങ്ങളിലൂടെ ഓരോ ഇടവകയും തനതു ഇടവകാംഗങ്ങൾക്കുവേണ്ടി സംപ്രേഷണം ചെയ്യുന്ന തിരുക്കർമ്മങ്ങൾ ടെലിവിഷൻ സംപ്രേഷണത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നു

പറയാം. ഒരു ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണും ഒരു ട്രൈപോഡും കൊണ്ട് സാധിക്കാവുന്ന കാര്യമായതിനാൽ അധിക മായ സാമ്പത്തികച്ചെലവോ വിദഗ്ധസഹായമോ ഇതിന് ആവശ്യമി ല്ല. പലപ്പോഴും യുവവൈദികരോ ഇടവകയിലെ ചെറുപ്പക്കാരോ ആണ് ഇതിന് നേതൃത്വം നൽകിയത്. മിക്കവാറും വീടുകളിൽ സ്മാർട്ട് ഫോണും ഇൻർനെറ്റ് സേവനവും ഉണ്ടായിരുന്നതിനാൽ എല്ലാവർക്കും പങ്കെടുക്കാൻ സാധ്യമായിരുന്നു. കുടുംബങ്ങളിൽ കുട്ടികളും യുവാ ക്കളും ഇതിന് നേതൃത്വം നൽകി. ഇടവകതലത്തിലുള്ള തത്സമയ സംപ്രേഷണത്തിന്റെ മറ്റൊരു പ്രത്യേകത ഇടവക വികാരി സ്വന്തം ഇടവകസമൂഹത്തിനുവേണ്ടി നടത്തുന്ന തിരുക്കർമ്മങ്ങൾ നിയതമായ ഒരു സമൂഹത്തെ മുന്നിൽകണ്ടുകൊണ്ട് പരിചിതമായ ദേവാലയസാ ഹചര്യങ്ങളിൽ നിന്നും ചെയ്യുന്ന സംപ്രേഷണമായതിനാൽ കൂടുതൽ സ്വീകാര്യമായിരുന്നുവെന്നതാണ്. ദേവാലയത്തിൽ പോയി മറ്റ് ഇടവ കക്കാരോടൊപ്പം സമൂഹമായി ചേർന്ന് പാടി പ്രാർത്ഥിക്കുന്ന ദിവ്യ ബലിയുടെ കൂട്ടായ്മയിലുള്ള ആരാധനാനുഭവം നൽകാൻ ഓൺലൈൻ ദിവ്യബലിക്കു സാധിക്കുകയില്ലെങ്കിലും ഒരുപരിധിവരെ ഞായറാ ഴ്ചയാചരണം മുടങ്ങാതെ നടത്തുന്നതിനും വചനപ്രഘോഷണം ശ്ര വിക്കുന്നതിനും ദൈവരാധനയും പ്രാർത്ഥനയും നടത്തുന്നതിനും അവ സരമുണ്ടായി. മാനസികമായെങ്കിലും ഒരു കൂട്ടായ്മാനുഭവവും സാധ്യ മാണിവിടെ. ഭൗതികമായി ദിവ്യകാരുണ്യം സ്വീകരിക്കാനാവില്ലെങ്കിലും ദിവ്യകാരുണ്യത്തിലെ യഥാർത്ഥ സാന്നിദ്ധ്യത്തെ മനസ്സിൽ ധ്യാനിച്ചു കൊണ്ട് അനുതാപത്തോടും പ്രാർത്ഥനയോടും ആത്മീയ ദിവ്യകാ രുണ്യം സ്വീകരിക്കുവാനും സാധ്യമാണല്ലോ.

ഓൺലൈൻ ദിവ്യബലി, ദേവാലയത്തിൽ വച്ചു പങ്കെടുക്കുന്ന ദിവ്യബലിക്കും തിരുക്കർമ്മങ്ങൾക്കും പകരംവയ്ക്കാനാവില്ലെങ്കിലും കോവിഡുകാലത്തെ അജപാലനശൂന്യത ഒരു പരിധിവരെ പരിഹരി ക്കാൻ ഉപകരിച്ചിട്ടുണ്ട്. കാലാവസ്ഥവ്യതിയാനങ്ങൾ, നെറ്റ് വർക്ക് പ്രശ്നങ്ങൾ, ഇലക്ട്രിസിറ്റിയുടെ അഭാവം, സാങ്കേതികപരിജ്ഞാന ത്തിന്റെ കുറവ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ ലൈവ് സംപ്രേഷ ണത്തെ ബാധിച്ചേക്കാം. അതുപോലെ വീട്ടിലിരുന്ന് സംബന്ധിക്കു മ്പോഴുള്ള അശ്രദ്ധയും അനാദരവും അന്യവ്യഗ്രതകളും ഇടപെടലു കളും പങ്കെടുക്കലിന് തടസ്സമാകാറുണ്ട്. ഏകദിശാ സംവേദനത്തിൽ (one-way transmission) പരസ്പര ആശയവിനിമയം നടക്കാത്തതിനാൽ

www.malankaralibrary.com



കൂട്ടായ്മയുടെയും 'പങ്കെടുക്ക'ലിന്റെയും അനുഭവം കുറയുകയും ശ്രദ്ധക്കുറവും സഹകരണമില്ലായ്മയും ഉണ്ടാകാം. അതോടൊപ്പം ദേവാലയാന്തരീക്ഷവും ദേവാലയവാസ്തുകലയും ശില്പങ്ങളും ദേവാലയക്രമീകരണളും ആരാധന സ്ഥലവും ചലനങ്ങളും ആംഗ്യങ്ങളും തിരിയും ധൂപവും മണിയും ഭൗതികസാന്നിധ്യത്തിലുള്ള കൂട്ടായ്മാനുഭവവുമൊന്നും സംപ്രേഷണം ചെയ്യാൻ സാധിക്കില്ല. ഈ പോരായ്മകളെല്ലാം ഉണ്ടെങ്കിലും ഓൺലൈൻ ദിവ്യബലിയും തിരുക്കർമ്മങ്ങളും ആരാധനയുടെയും കൂട്ടായ്മയുടെയും ഒരുമിച്ചുള്ള അനുഭവം നിലനിർത്താനെങ്കിലും ഉപകരിക്കുന്നുണ്ട്. ജോലിചെയ്യുന്നതിനും ഷോപ്പിംഗിനും വിനോദത്തിനും ബന്ധുക്കളും സുഹൃത്തുക്കളുമായി സംവദിക്കുന്നതിനുമെല്ലാം പതിവായി സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിനാൽ ആരാധനയിൽ പങ്കെടുക്കാനും പ്രാർത്ഥിക്കാനും സമൂഹമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നത് ഒരു സാധാരണ കാര്യം പോലെ സ്വീകാര്യമായി എന്നതും എടുത്തുപറയേണ്ടിയിരിക്കുന്നു.

**2.2 ഓൺലൈൻ ലിറ്റർജി : സാധുതയും സാധ്യതയും**

ടെലിവിഷനിലൂടെയും സമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെയും സംപ്രേഷണം ചെയ്യപ്പെടുന്ന ദിവ്യബലിയിൽ പങ്കെടുക്കുന്നതിന്റെ സാധുതയെക്കുറിച്ചും ഗുണദോഷങ്ങളെക്കുറിച്ചും ചർച്ചകൾ ഇന്നു സജീവമാണ്. അജപാലനശുശ്രൂഷയുടെ ഒരു നവീനഭാവമായി ഇതിനെ അംഗീകരിക്കുന്നവരും, ദിവ്യബലിയും മറ്റു കൂദാശകളും സംപ്രേഷണം ചെയ്യുന്നതിനെ നിശിതമായി വിമർശിക്കുന്നവരുമുണ്ട്.

ഈ കോവിഡുകാലത്ത് ദിവ്യബലിയുടെ സംപ്രേഷണത്തിൽ പങ്കെടുത്തുകൊണ്ട് ദൈവത്തോടും ദൈവജനത്തോടും ഇടവകയോടുമുള്ള ബന്ധം (connection) നിലനിർത്തുവാൻ അനേകർക്കു കഴിഞ്ഞുവെന്ന് അനുകൂലിക്കുന്നവർ വാദിക്കുന്നു. കത്തോലിക്കാസഭ സാമൂഹികാരാധനക്കു നല്കുന്ന പ്രാധാന്യം കണക്കിലെടുത്തു ചിന്തിക്കുമ്പോൾ അടച്ചുപൂട്ടലുകളുടെ കാലത്തും വിർചൽ ആയെങ്കിലും കൂട്ടായ്മ നിലനിർത്താനും സഭയുടെ ആരാധനയിൽ പങ്കെടുക്കാനും ഓൺലൈൻ ലിറ്റർജി വഴിയൊരുക്കി. ദേവാലയത്തിലെത്തിയുള്ള ബലിയർപ്പണംപോലെ ഫലപ്രദവും തീക്ഷ്ണവുമല്ലെങ്കിലും ആഗ്രഹത്തോടും ഒരുക്കത്തോടും ഭക്തിയോടും കൂടി, സംപ്രേഷിത തിരുക്കർമ്മങ്ങളിൽ പങ്കെടുത്തുകൊണ്ട് ദൈവാരാധന നടത്താനും ദൈവ

www.malankaralibrary.com



സാന്നിദ്ധ്യവും ക്രൈസ്തവ കൂട്ടായ്മയും ചെറിയൊരളവിലെങ്കിലും അനുഭവിക്കാനും സാധിക്കും. ഇതുവഴി ദൈവവും ഇടവക സമൂഹവുമായി ആന്തരികമായി ഐക്യപ്പെടാനാകും. അതുപോലെതന്നെ ദൈവ വചനവായനയും വചനപ്രഘോഷണവും ശ്രവിച്ചുകൊണ്ട് രക്ഷാകര രഹസ്യങ്ങൾ ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും ഇടയാകും. തിരുശരീരരക്തങ്ങൾ കൗദാശികമായി ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിലും ആഗ്രഹത്തോടെയും അനുതാപത്തോടെയും പ്രാർത്ഥനയോടെയും ആത്മീയമായി തിരുപ്പാഥേയം ഉൾക്കൊണ്ടുകൊണ്ട് ജീവിതയാത്രയിൽ ശക്തിപ്പെടാനും സാധിക്കും. (സന്യാസഭവനങ്ങളിലും മറ്റും ഓൺലൈൻ ദിവ്യബലിയിൽ പങ്കെടുക്കുമ്പോൾത്തന്നെ നേരത്തെ കൂദാശ ചെയ്ത തിരുവോസ്തി സ്വീകരിക്കുന്ന രീതിയും ശ്രദ്ധാർഹമാണ്).

എന്നാൽ ദിവ്യബലിയുടെ സംപ്രേഷണവും പങ്കെടുക്കലും ഫലപ്രദമല്ലെന്നു മാത്രമല്ല കൂദാശയുടെ ചൈതന്യത്തിനെതിരായതിനാൽ വർജ്ജിക്കപ്പെടേണ്ടതുമാണെന്ന് ചില യാഥാസ്ഥിതിക കത്തോലിക്കർ വാദിക്കുന്നു. അവർ പറയുന്ന കാരണങ്ങൾ ഇവയാണ്. വൈയക്തികവും സാമൂഹികവുമായ (ശാരീരിക) സാന്നിധ്യം സംപ്രേഷണത്തിൽ അസാധ്യമായതിനാൽ ഇത്തരം ബലിയർപ്പണം ഫലശൂന്യവും അർത്ഥരഹിതവുമാണെന്നു മാത്രമല്ല, ഒരു ഭക്തകൃത്യമായിപ്പോലും ഇതിനെ കാണാനാവില്ല. കൗദാശികമായ അടയാളങ്ങളും പ്രാർത്ഥനകളും പ്രതീകങ്ങളും പ്രവർത്തനങ്ങളും വിശ്വാസികളുടെ കൂട്ടായ്മയിലുള്ള ആചരണവും വഴി മാത്രമേ ഈശോയുടെ ഏകബലിയുടെ അനുസ്മരണവും അനുഷ്ഠാനവും യഥാതഥമാവുകയുള്ളൂ. വൈദികനും ജനങ്ങളും ഒത്തുചേർന്ന് ദേവാലയത്തിലെ അൾത്താരയിൽ അപ്പവും വീഞ്ഞും പ്രതിഷ്ഠിച്ച് പ്രാർത്ഥനയും കൂദാശാവചനങ്ങളും വഴി മാത്രമാണ് അപ്പത്തിലും വീഞ്ഞിലും ഈശോയുടെ യഥാർത്ഥസാന്നിധ്യമുണ്ടാകുന്നത്. അതിനാൽ കൗദാശിക ആചരണം വിദൂരമായി നടത്താനാകില്ല; സംപ്രേഷണം കാണുകയും കേൾക്കുകയും ചെയ്യുന്നതുവഴി ദിവ്യബലിയിൽ സമ്പൂർണ്ണപങ്കാളിത്തം ഉണ്ടാവുകയുമില്ല. നിങ്ങൾ ഒന്നോ രണ്ടോ പേർ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുന്നിടത്ത് ഞാനുമുണ്ടാകും എന്നാണ് ഈശോ പഠിപ്പിച്ചത്. വൈദികനും ദൈവജനവും ദേവാലയത്തിൽ ഒന്നിച്ചുകൂടി അപ്പവും വീഞ്ഞും കൂദാശചെയ്യുമ്പോഴാണ് ഈശോയുടെ മനുഷ്യത്വവും ദൈവത്വവും അപ്പത്തിന്റെയും വീഞ്ഞി

www.malankaralibrary.com


ന്റെയും സാദൃശ്യത്തിൽ യഥാർത്ഥസാന്നിധ്യമായി മാറുന്നത്. അതിനാൽ വിർചൽ ആയി ദിവ്യബലി അർപ്പിക്കാനോ ദിവ്യകാരുണ്യം സ്വീകരിക്കാനോ സാധിക്കുകയില്ല. ഡിജിറ്റൽ സ്ക്രീനിലൂടെ വി.കുർബാനയിലെ യഥാർത്ഥ സാന്നിധ്യത്തെ തിരിച്ചറിയാനോ ആദരിക്കാനോ അനുഭവിക്കാനോ സാധിക്കയില്ലാത്തിനാൽ ഓൺലൈൻ കുർബാനയിൽ പങ്കെടുക്കുന്നതുവഴി ഞായറാഴ്ചകൾ തോറുമുള്ള ദൈവാരാധനയുടെ അനുഭവത്തിലേയ്ക്ക് ആരും കടന്നുവരികയില്ലെന്നു ഇക്കൂട്ടർ വാദിക്കുന്നു.

മറ്റു പ്രതികൂല വാദങ്ങൾക്കൂടി പരിഗണിക്കാം. പതിവായി ഓൺലൈൻ കുർബാന കാണുന്നത് ഫലപ്രദമല്ലെന്നു മാത്രമല്ല, ദോഷകരമായ അനന്തരഫലങ്ങൾ ഉളവാക്കിയേക്കാം എന്നും ഒരു വാദമുണ്ട്. ആത്മീയ കുർബാനസ്വീകരണം പതിവാക്കുക വഴി വി. കുർബാനയിൽ ഈശോയുടെ യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിശ്വാസം ക്ഷയിച്ചുവരികയും തത്ഫലമായി കൗദാശികമായി വി. കുർബാന സ്വീകരിക്കാനുള്ള താത്പര്യം കുറയുകയും ചെയ്യാനിടയുണ്ട്. അങ്ങനെ കത്തോലിക്കർ പ്രൊട്ടസ്റ്റന്റ്-ജ്ഞാനവാദ (Gnostic) ചിന്താഗതിയിലേക്ക് ക്രമേണ തെന്നിമാറിയെന്നും വരാം. മറ്റൊരു വസ്തുതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, വി. അൽഫോൻസ് ലിഗോരി ആത്മീയ ദിവ്യകാരുണ്യസ്വീകരണത്തെ അടുത്തുവരുന്ന കൗദാശിക കുർബാന സ്വീകരണത്തിന്റെ മുന്നാസ്വാദനവും മുന്നൊരുക്കവുമായാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നാണ്. അതിനാൽ ഓൺലൈൻ ദിവ്യബലി ഒരു ഇടക്കാല പരിഹാരം മാത്രമായിക്കരുതി സാമൂഹിക ബലിയർപ്പണത്തിലേക്ക് കഴിവതും വേഗം മടങ്ങണമെന്നും ഒരു കൂട്ടർ ആവശ്യപ്പെടുമ്പോൾ ദിവ്യബലിയുടെ ഓൺലൈൻ സംപ്രേഷണംതന്നെ നിർത്തണമെന്നും പകരം ദൈവവചനശുശ്രൂഷയും കൂട്ടായ്മപ്രാർത്ഥനകളും, കുടുംബപ്രാർത്ഥനയും, വ്യക്തിഗതപ്രാർത്ഥനയും പ്രോത്സാഹിപ്പിച്ച് വിശ്വാസത്തിൽ ആഴപ്പെടാൻ വിശ്വാസികളെ സഹായിക്കുകയാണ് ഉത്തമം എന്ന് മറ്റ് ചിലരും വാദിക്കുന്നു. (ഇത്തരമൊരു പരിഹാരവും ദിവ്യബലിയിലുള്ള താത്പര്യവും വി. കുർബാനയിലുള്ള വിശ്വാസവും കുറയാനിടയാക്കി പ്രൊട്ടസ്റ്റന്റ് സ്വഭാവത്തിലുള്ള ആരാധനാരീതിയിലേക്ക് നയിക്കില്ലേ എന്ന മറുചോദ്യം ബാക്കിയുണ്ട്.) ദിവ്യബലിയിലെ സുപ്രധാന ഘടകങ്ങളായ ദൈവജനത്തിന്റെ കൂട്ടായ്മയും ഈശോയുടെ കൗദാശിക സാന്നിദ്ധ്യവും ഭൗതികമായി അനുഭവിക്കാൻ

www.malankaralibrary.com



ഓൺലൈൻ ലിറ്റർജി സഹായിക്കില്ല എന്നത് ശരിതന്നെ. എന്നാൽ വൈകാരികമായ ബന്ധവും കൂട്ടായ്മയുടെ അനുഭവവും സോഷ്യൽ മീഡിയയിലൂടെ ലഭിക്കുമെന്നതിന് സാമൂഹികമാധ്യമങ്ങളുടെ പ്രചാരം തന്നെ സാക്ഷ്യമാണ്.

**2.3 ഓൺലൈൻ ദിവ്യബലി ഒരു വിശകലനം**

കോവിഡുകാലത്ത് അധികമാർക്കും ദേവാലയത്തിൽ പോയി ദിവ്യബലിയിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന സമയങ്ങളിൽ ടെലിവിഷനിലൂടെയും ഇന്റർനെറ്റ് വഴിയും സംപ്രേഷണം ചെയ്യുന്ന വി. ബലിയിൽ പങ്കെടുക്കാൻ സാധിച്ചത് ഒരു നവീനമായ അജപാലന സംരംഭമായി. ടെലിവിഷനിലൂടെ വി. ബലിയുടെ സംപ്രേഷണം നടത്തുന്നതിനുള്ള അനുവാദവും മാർഗനിർദ്ദേശങ്ങളും വത്തിക്കാൻ തിരുസംഘങ്ങളും വിവിധ മെത്രാൻ സമിതികളും നേരത്തെതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ലിറ്റർജിയെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയുടെ 20-ാം ഖണ്ഡികയിൽ (SC 20) ടെലിവിഷനിലൂടെയുള്ള ദിവ്യബലിയുടെ സംപ്രേഷണത്തെക്കുറിച്ചുള്ള പരാമർശം കാണാം. "വിശ്വാസികളെ സഭാജീവിതത്തിൽ പങ്കാളികളാക്കാനും വിശ്വാസസത്യങ്ങൾ പഠിപ്പിക്കാനും" ആധുനികമാധ്യമങ്ങളെ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് സാമൂഹികസമ്പർക്കമാധ്യമങ്ങളെക്കുറിച്ചുള്ള വത്തിക്കാൻ ഡിക്രി(Inter Mirifica 14)യിൽ എടുത്തുപറയുന്നുണ്ട്. 1996 ൽ അമേരിക്കൻ മെത്രാൻസമിതി Guidelines for Televising the Liturgy എന്ന രേഖയിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും ഓൺലൈൻ ദിവ്യബലിക്കും ഉപയുക്തമാക്കാവുന്നതാണ്. അതിൽ പറയുന്നത് : ആധുനിക ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലി ശാരീരികമായി ഇടവകസമൂഹത്തോട് ഒത്തുചേരൽ സാധിക്കാത്തവർക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷയായി കരുതാവുന്നതാണ്. അതുവഴി കർത്താവ് നൽകുന്ന സൗഖ്യവും സമാശ്വാസവും ദേവാലയത്തിൽ എത്താൻ സാധിക്കാത്തവർക്കും സംലഭ്യമാകാൻ അവസരമുണ്ടാക്കുന്നു. അങ്ങനെ അനേകർക്ക് ആരാധനാസമൂഹവുമായി സാദൃശ്യപ്പെടുന്നതിനും ദൈവവചനം ശ്രവിക്കുന്നതിനും ദൈവത്തിന് ആരാധനയും സ്തുതിയും സ്തോത്രവുമർപ്പിക്കുന്നതിനും അവസരമൊരുങ്ങുന്നു. അതിനാൽ തിരുക്കർമ്മങ്ങളുടെ സംപ്രേഷണത്തെ സുവിശേഷവൽക്കരണത്തിനും വചനപ്രഘോഷണത്തിനും ദൈവാരാധനാനുഭവത്തിനുമുള്ള ഉപാധിയായി കരുതാവുന്നതാണ്.

www.malankaralibrary.com



ഓൺലൈൻ തിരുക്കർമ്മങ്ങൾ വ്യാപകമായതോടെ കൂടുതൽ ഫലപ്രദമായി പങ്കെടുക്കുന്നതിനുള്ള ധാരാളം നിർദ്ദേശങ്ങളും നിലവിലുണ്ട്. ഇവ അനുസരിക്കുന്നതുവഴി കൂടുതൽ സജീവമായ പങ്കാളിത്തവും അതുവഴി കൂടുതൽ ആത്മീയ നന്മകൾ നേടാനും സാധിക്കും. ആഗ്രഹവും തീക്ഷണതയും ഒരുക്കവുമാണ് ഏറ്റവും പ്രധാന ഘടകങ്ങൾ. ദേവാലയത്തിലെ ദിവ്യബലിക്കു പോകാനൊരുങ്ങുന്ന രീതിയിൽ നന്നായി വസ്ത്രധാരണം ചെയ്യുക; ദിവ്യബലിക്കു പങ്കെടുക്കാൻ വീട്ടിലെ പ്രാർത്ഥനാമുറിയിലോ മറ്റേതെങ്കിലും അനുയോജ്യമായ സ്ഥലത്തോ ഒരു മേശയിൽ കുരിശുരൂപവും മെഴുകുതിരിയും തിരുസ്വരൂപങ്ങളും ഒരുക്കുക. ഗൃഹജോലികൾ, ഫോൺകോളുകൾ സന്ദർശകർ എന്നിവ ഒഴിവാക്കുക. ഓൺലൈൻ ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴും കുർബാനപ്പുസ്തകം ഉപയോഗിക്കുകയും പ്രാർത്ഥനകൾ കുടുംബാംഗങ്ങൾ ഒന്നിച്ച് ഉച്ചത്തിൽ ചൊല്ലുകയും വി. ബലിയിൽ പങ്കെടുക്കുമ്പോൾ ചെയ്യുന്ന രീതിയിൽ നിൽക്കുകയും മുട്ടുകുത്തുകയും ഇരിക്കുകയുമൊക്കെ ചെയ്യുക. കുർബാനസ്വീകരണസമയത്ത് ആത്മീയമായ കുർബാനസ്വീകരണത്തിനുള്ള ജപം ചൊല്ലുകയും ഉപകാരസ്മരണ നടത്തുകയും ചെയ്യുക. അങ്ങനെ ഓൺലൈൻ ദിവ്യബലിയിൽ പങ്കെടുക്കുന്നത് പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ഒരു അനുഭവമാക്കിത്തീർക്കുവാൻ സാധിക്കും.

ടെലിവിഷൻ, യൂടൂബ്, ഫേസ്ബുക്ക് എന്നീ മാധ്യമങ്ങളിലൂടെ സംപ്രേഷണം നടത്തിയാലും ഏകദിശാസംവേദനം മാത്രമാണ് നടക്കുക. Zoom, Webex, Google Meet പോലെയുള്ള conference app കൾ ഉപയോഗിച്ചാൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയും. പ്രാർത്ഥനകളും പാട്ടും വായനകളും മധ്യസ്ഥപ്രാർത്ഥനയുമൊക്കെ പങ്കെടുക്കുന്നവർക്കും ചൊല്ലാനും എല്ലാവർക്കും ഒന്നിച്ച് പ്രാർത്ഥിക്കാനും പരസ്പരം കാണാനും പങ്കുവയ്ക്കാനും ഇത്തരം app കൾ സഹായിക്കും. ചെറിയ ഇടവകകളിലും ഗ്രൂപ്പുകളിലുമാണ് ഇവ പ്രായോഗികമാകുന്നത്. (ഈ ലേഖകൻ കഴിഞ്ഞ ഒരു വർഷമായി വിവിധ രാജ്യങ്ങളിൽ കഴിയുന്ന സഹോദരരും ബന്ധുമിത്രാദികളുമൊത്ത് Zoomൽ കുർബാനയർപ്പിക്കുന്നുണ്ട്. കുർബാനയും അതിനുശേഷമുള്ള ചർച്ചകളും സംസാരവും ഏറെ ആകർഷകമാണ്).

www.malankaralibrary.com



## 2.4 മറ്റ് അജപാലനശുശ്രൂഷകൾ

ഓൺലൈൻ തിരുക്കർമ്മങ്ങൾ മാത്രമല്ല മറ്റനേകം അജപാലന സേവനങ്ങളും ലോക്ഡൗൺ കാലത്തും അതിനു ശേഷവും ഓഫ്ലൈനിലും ഓൺലൈനിലും ലഭ്യമായിരുന്നു. മാമ്മോദീസ, വിവാഹം, കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകളും മരിച്ചടക്കും അനുബന്ധ കർമ്മങ്ങളും കുടുംബകൂട്ടായ്മകളും ഇടവകയിലെ സംഘടനാപ്രവർത്തനങ്ങളും നിലവിലിരുന്ന നിയന്ത്രണങ്ങൾക്കു വിധേയമായി നടത്തിക്കൊണ്ടാണിരുന്നത്. ഞായറാഴ്ചതോറുമുള്ള മതപഠനക്ലാസുകളും പരീക്ഷകളുമൊക്കെ രൂപതാതലത്തിൽ തന്നെ ഓൺലൈനിൽ കാര്യക്ഷമമായി നടത്തുകയുണ്ടായി. അത്തരത്തിൽ നോക്കിയാൽ കൊറോണക്കാലത്ത് ഒരു അജപാലനസ്തംഭനം ഉണ്ടായിട്ടില്ലായെന്നുതന്നെ പറയാം. മാധ്യമസഹായത്തോടെയും അല്ലാതെയും അജപാലനസേവനങ്ങൾ ലഭ്യമാക്കാൻ വൈദികരും ശ്രദ്ധിച്ചുപോന്നു. അതുപോലെ തന്നെ ധ്യാനകേന്ദ്രങ്ങളും സന്ന്യാസഭവനങ്ങളും അത്മായസംഘടനകളും വ്യക്തികളും ധ്യാനങ്ങൾ, ആരാധനകൾ, കൊന്തനമസ്കാരം, യാമപ്രാർത്ഥനകൾ, ബൈബിൾ ക്ലാസുകൾ, പ്രഭാഷണങ്ങൾ, ഭക്തിഗാനങ്ങൾ, സിനിമകൾ, വീഡിയോ ക്ലിപ്പുകൾ എന്നിവവഴി വിശ്വാസപോഷണത്തിനുപകരിക്കുന്ന ധാരാളം ഡിജിറ്റൽ സോഴ്സുകൾ YouTube ലും Face-book ലും ലൈവായും അപ്ലോഡ് ചെയ്തും ലഭ്യമാക്കിയത് അജപാലനരംഗത്ത് വലിയൊരു മാറ്റംതന്നെ കുറിച്ചിട്ടുണ്ട്. അങ്ങനെ cyberspace സുവിശേഷമൂല്യങ്ങൾ ഉൾക്കൊള്ളുന്ന മാധ്യമസൃഷ്ടികൾ കൊണ്ട് നിറയാനിടയായി. അനുദിനപ്രാർത്ഥനകളുടെ ആപ്പുകളും ബൈബിൾവായനയ്ക്ക് സഹായകമായ ഓഡിയോ, വീഡിയോ ബൈബിൾ പഠനസഹായികൾ എന്നിങ്ങനെ ധാരാളം വിശ്വാസപരിശീലന ഉപാധികൾ ഇന്ന് ഓൺലൈനായി ലഭ്യമാണ്.

## 2.5 ഓൺലൈൻ വിശ്വാസപരിശീലനം

ഓൺലൈൻ ദിവ്യബലിപോലെതന്നെ ഞായറാഴ്ചത്തെ വേദപാഠക്ലാസുകളും പൂർണ്ണമായും ഓൺലൈനായി നടത്തിയത് വിശ്വാസപരിശീലനരംഗത്ത് പുതിയ കാൽവയ്പ്പായി. ഏറെക്കാലമായി രൂപതാതലത്തിലും സഭാതലത്തിലും ഡിജിറ്റൽ വേദപാഠം എന്ന ആശയം രൂപപ്പെടുകയും അതിനുള്ള ഒരുക്കങ്ങൾ നടക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇതിനായി വിവിധ ക്ലാസുകളിലെ പാഠ്യഭാഗങ്ങൾ Powerpoint

www.malankaralibrary.com



ആയും pdf ആയും ചിത്രങ്ങളും ദൃശ്യശ്രാവ്യ ക്ലിപ്പുകളും ചേർത്ത് തയ്യാറാക്കിവരികയായിരുന്നു. കോവിഡുകാലം ഇത്തരം പഠനസഹായികളുടെയും പഠനോപാധികളുടെയും രൂപീകരണം ത്വരിതപ്പെടുത്തിയെന്നു മാത്രമല്ല, ഓൺലൈനായി മതപഠനം നടത്തുവാനും ഇക്കാലത്ത് സാധിച്ചു. ഡിജിറ്റൽ യുഗത്തിൽ ജനിച്ചുവളർന്ന കുട്ടികൾക്ക് പുസ്തകകേന്ദ്രീകൃതമായ വേദപാഠം ഫലപ്രദമല്ലാത്ത ഒരു അവസ്ഥാവിശേഷമുണ്ടായിരുന്നു. ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ചും ദൃശ്യശ്രാവ്യസൃഷ്ടികളുടെ സഹായത്തോടെയുമുള്ള വിശ്വാസപരിശീലനം വേദപാഠം കൂടുതൽ ആകർഷകമാക്കാമെന്നതിൽ സംശയമില്ല. എന്നാൽ ഇന്നത്തെ മതാധ്യാപകർ ഇതിന് പ്രാപ്തരാണെന്ന് തോന്നുന്നില്ല. ഈ രംഗത്തുള്ള കത്തോലിക്കാ കലാകാരന്മാരെയും സാങ്കേതിക വിദഗ്ധരെയും കുട്ടികളെത്തന്നെയും ഉൾപ്പെടുത്തി കാലോചിതമായ ഡിജിറ്റൽ വിശ്വാസപരിശീലന പാഠ്യപദ്ധതിയും പഠനോപാധികളും ഉണ്ടാക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ആന്റിക്യൂം മിനിസ്തേരിയും അഥവാ ഒരു പുരാതന ശുശ്രൂഷ [Antiquum Ministerium (May 10, 2021)] എന്ന തിരുവെഴുത്തു വഴി ഫ്രാൻസിസ് മാർപ്പാപ്പാ മതാധ്യാപനധർമ്മത്തെ സഭയിലെ ഒരു ഔദ്യോഗിക ശുശ്രൂഷാപദവിയായി ഉയർത്തിയതുവഴി കൂടുതൽ അത്മായർ വിശ്വാസപരിശീലനശുശ്രൂഷയിലേക്ക് കടന്നുവരുകയും വിശ്വാസപരിശീലനം കൂടുതൽ കാലോചിതമാവുകയും ചെയ്യും.

## 2.6 ക്രിസ്തീയ ഡിജിറ്റൽ സാധനസമ്പത്തുകളും വിഭവങ്ങളും (Christian digital resources)

ക്രിസ്തീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഓഡിയോ-വീഡിയോ ഗാനങ്ങൾ, ക്ലിപ്പുകൾ, ധ്യാനചിന്തകൾ, പ്രസംഗങ്ങൾ, കഥകൾ എന്നിവ ഉൾക്കൊള്ളുന്ന 'വലിയൊരു വിഭവസദ്യ' തന്നെ ഇന്റർനെറ്റിൽ സംലഭ്യമായിത്തുടങ്ങിയിരിക്കുന്നത് വിശ്വാസപോഷണത്തിനും വിശ്വാസഘോഷണത്തിനും വളരെയധികം ഉപകരിക്കും. ഈ കോവിഡ് കാലത്ത് അനേകർ ഇത്തരം വിഭവങ്ങൾ സൃഷ്ടിക്കുകയും യൂട്യൂബിലും ഫേസ്ബുക്കിലുമൊക്കെ ലഭ്യമാക്കുകയും ചെയ്തു. വളരെയേറെ ആളുകൾ ഇത്തരം ഡിജിറ്റൽ സാധനസമ്പത്തുകൾ ആത്മീയമായി വളരാൻ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവയിൽ ഏറ്റം പ്രാധാന്യം കല്പിക്കാവുന്നത് പ്രശസ്തരായ ധ്യാനഗുരുക്കന്മാരുടെയും ബൈബിൾ പണ്ഡിതരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും പ്രഭാഷണങ്ങളും ക്ലാസുക

www.malankaralibrary.com


ളുമാണ്. അതോടൊപ്പം ഓഡിയോയായും വീഡിയോയായും നിർമ്മിച്ച ഭക്തിഗാനങ്ങളുടെ വലിയ ശേഖരംതന്നെ ഇന്ന് ഡിജിറ്റൽ ലോകത്ത് ലഭ്യമാണ്. അടച്ചുപൂട്ടലിന്റെയും ക്വാറന്റൈന്റെയും കാലത്ത് അനേകർക്ക് ഇത്തരം കാര്യങ്ങൾ ഉപകരിച്ചിട്ടുണ്ട്. ബൈബിളും അനുദിന പ്രാർത്ഥനകളും കൊന്തനമസ്ക്കാരവും, നൊവേനകൾ, മധ്യസ്ഥ പ്രാർത്ഥനകളും ലഭ്യമാകുന്ന ആപ്പുകളും അജപാലനരംഗത്ത് വലിയ സഹായമാണ്. പതിവായി ബൈബിൾ വായിക്കാനും ദിവസേന പ്രാർത്ഥിക്കാനും ഇത്തരം ആപ്പുകൾ ധാരാളം പേർ ഉപയോഗിക്കുന്നുണ്ട്. ധാരാളം അത്മായർ ആപ്പുകൾ ഉപയോഗിച്ച് വൈദികരുടെയും സന്യസ്തരുടെയും പ്രാർത്ഥനയായ കാനോനനമസ്ക്കാരംപോലും ശീലമാക്കി തുടങ്ങി. കൂടുതൽ പ്രോത്സാഹനം നല്കിയാൽ ഇത്തരം ഡിജിറ്റൽ ഉപാധികൾ പ്രാർത്ഥനയ്ക്കും ആത്മീയ വളർച്ചക്കും കാര്യക്ഷമമായി ഉപയോഗിക്കാൻ പറ്റും. ഈ ആശയത്തിന് അജപാലകർ പ്രാധാന്യം നൽകേണ്ടതാണ്.

### 2.7 വ്യക്തിഗത, കുടുംബ, ചെറുസമൂഹ പ്രാർത്ഥനകളും ഭക്തകൃത്യങ്ങളും (Personal, family and group prayer and devotions)

ദേവാലയത്തിൽ പോകാൻ സാധിക്കാതെ വരികയും കോവിഡ് ലോക്ഡൗൺ കാരണം ധാരാളം സമയം ലഭ്യമാവുകയും ചെയ്തപ്പോൾ വളരെയാളുകൾ വ്യക്തിപരമായ പ്രാർത്ഥനയ്ക്കും കുടുംബ പ്രാർത്ഥനയ്ക്കും സമയം കണ്ടെത്തി. കോവിഡ് കാലത്ത് ബൈബിൾ വായനയിലും വ്യക്തിപരമായ പ്രാർത്ഥനയിലും ധ്യാനങ്ങൾ, ആരാധന, ദിവ്യബലി എന്നിവയിലും പങ്കെടുക്കുന്നതിനുമുള്ള സമയവും സാവകാശവും ലഭിക്കുകയും അത് ശീലമാക്കുകയും ചെയ്തവർ ധാരാളമുണ്ട്. പതിവായി ബൈബിൾ വായിക്കുന്ന ശീലം കത്തോലിക്കരുടെ ഇടയിൽ വളർന്നുവരുന്നുണ്ട്. കത്തോലിക്കാ അജപാലനം ദേവാലയത്തിലെ ആരാധനാക്രമകേന്ദ്രീകൃതമായിരുന്നതിനാൽ വ്യക്തിഗത പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കും വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിച്ചിരുന്നില്ല. അനുദിനപ്രാർത്ഥനയിലും ബൈബിൾ വായനയിലും മറ്റു ഭക്തകൃത്യങ്ങളിലും ഇന്ന് വിശ്വാസികൾ കാണിക്കുന്ന താത്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നത് ഭാവിയിൽ അജപാലനശുശ്രൂഷയ്ക്കു തന്നെ ഒരു മുതൽക്കൂട്ടായിരിക്കും. അതോടൊപ്പംതന്നെ വിശ്വാസികൾ ദേവാലയശുശ്രൂഷകളിൽ നിന്നകന്ന്

www.malankaralibrary.com



വിശ്വാസജീവിതത്തെ വ്യക്തിഗത അനുഷ്ഠാനമായി മനസിലാക്കാതിരിക്കാനും അജപാലനശ്രദ്ധയുണ്ടാകണം. സാമൂഹികമാധ്യമങ്ങൾ (social media)ആയ whatsapp ഉം google meet ഉം zoom ഉം ഒക്കെ ഉപയോഗിച്ച് ചിതറിപ്പാർക്കുന്ന കുടുംബാംഗങ്ങൾ കൂട്ടായ്മയിൽ സന്ധ്യാപ്രാർത്ഥനയും ബൈബിൾ പഠനവും കൊന്തനമസ്ക്കാരവുമൊക്കെ നടത്തുന്നത് സഭ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് വിശ്വാസത്തിലും കൂട്ടായ്മയിലും പരസ്പര സ്നേഹത്തിലും വളരാൻ ഉപകരിക്കും.

**2.8 അജപാലനവും കാരുണ്യപ്രവർത്തനങ്ങളും**

ക്രിസ്തീയ അജപാലന ശുശ്രൂഷ സമൃദ്ധമായ ജീവനുണ്ടാകാനാണ് (യോഹ.10:10, സങ്കീ.23) ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ടു തന്നെ കാരുണ്യപ്രവൃത്തികളും ക്ഷേമപ്രവർത്തനങ്ങളും അജപാലനത്തിന്റെ ഭാഗമാണ്. കോവിഡ്കാലത്ത് കൂടുതലായി ആരോഗ്യപരിപാലനരംഗത്താണ് സഭയുടെ കാരുണ്യപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. ആദ്യകാലഘട്ടത്തിൽ പാസ്റ്ററൽ സെന്ററുകൾ, ഹോസ്റ്റലുകൾ, സെമിനാരികൾ മറ്റു സ്ഥാപനങ്ങൾ ക്വാറന്റൈൻ കേന്ദ്രങ്ങളായി വിട്ടുകൊടുത്തുകൊണ്ടും ക്വാറന്റൈനിലുള്ളവർക്ക് ഭക്ഷണവും അവശ്യവസ്തുക്കളും നൽകിക്കൊണ്ടുമാണ് സഭ രംഗത്തെത്തിയത്. അതോടൊപ്പം കോവിഡിനെ സംബന്ധിച്ച ബോധവത്കരണങ്ങൾ നടത്തിയും രോഗബാധിതർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സഹായസഹകരണങ്ങൾ ചെയ്തുകൊണ്ടും, കോവിഡ് കിറ്റുകളുടെ വിതരണം, സന്നദ്ധസേനകളുടെയും വോളന്റിയർമാരുടെയും സംഘങ്ങളെ നയിച്ചും, അജപാലകർ വളരെ സംഭാവനകൾ സമൂഹത്തിന് നൽകിക്കഴിഞ്ഞു.

കോവിഡ്കാലത്ത് ആശുപത്രികളിലും വീടുകളിലും കഴിഞ്ഞ രോഗികളെ സന്ദർശിക്കാനോ കുമ്പസാരം, കുർബാന, രോഗീലേപനം തുടങ്ങിയ ശുശ്രൂഷകൾ നൽകാനോ നിലവിലുള്ള നിയന്ത്രണങ്ങൾ അനുവദിക്കാത്തതിനാൽ സാധിച്ചില്ല എന്നതാണ് അജപാലനരംഗത്തുണ്ടായ ഏറ്റവും വേദനാജനകമായ കാര്യം. ഇത്തരം രോഗികൾക്ക് ഫോണിലൂടെ സാന്ത്വനവാക്കുകളും പാപമോചന ആശീർവാദവും നൽകിയ നിരവധി അജപാലകരെക്കുറിച്ച് നാം കേൾക്കുകയുണ്ടായി. അതുപോലെതന്നെ കോവിഡ് മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാരം ക്രിസ്തീയ ആചാരപ്രകാരം നടത്താൻ കഴിയാതെവന്നതും അജപാലനരംഗത്ത് ഒരു നോവായി അവശേഷിക്കുന്നു. സന്നദ്ധസം

www.malankaralibrary.com


ഘടനകളെ രൂപീകരിച്ച് ശവദാഹത്തിന് അനുവാദം നൽകിയും PPE കിറ്റ് ധരിച്ച് വൈദികരെത്തിയും ആ പ്രതിസന്ധി പരിഹരിച്ചു. ഭാരതത്തിലുടനീളം വൈദികരും സന്ന്യാസിനികളും അനേകം അത്മായരും രോഗീപരിചരണത്തിലും ആതുരശുശ്രൂഷയിലും ഏർപ്പെട്ടുകൊണ്ട് അജപാലനശുശ്രൂഷ നാനാജാതിമതസ്ഥരിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു.

### 3. കോവിഡാനന്തര അജപാലനം

കോവിഡാനന്തര ലോകം വ്യത്യസ്തമായിരിക്കുമെന്നു പറഞ്ഞാണ് നാം ഈ ലേഖനം ആരംഭിച്ചത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാരമായ മാറ്റം ഉണ്ടാകാൻ ഈ മഹാമാരി ഇടയാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും, ആരോഗ്യസംരക്ഷണം, ജീവനോപാധി, ജീവിതശൈലി, മതസാംസ്കാരിക രീതികൾ എന്നിവയിലാണ് ഏറെ മാറ്റങ്ങൾ ദൃശ്യമായിരിക്കുന്നത്. സാമൂഹികഇടപെടലുകളിലുണ്ടായ നിയന്ത്രണങ്ങൾ മൂലം മതാനുഷ്ഠാനങ്ങളിലും അജപാലനരീതികളിലുമുണ്ടായ ഭാവാത്മക പ്രക്രിയകളെ മാത്രമാണ് ഈ ലേഖനത്തിൽ പരാമർശിച്ചത്. അതിനു തുടർച്ചയായി, ക്രിസ്തീയവിശ്വാസത്തിന്റെ ആചരണത്തിലും അനുഷ്ഠാനങ്ങളിലും അജപാലനശുശ്രൂഷാരംഗത്തും സ്ഥായിയായി നിലനിന്നേക്കാവുന്ന ചില മാറ്റങ്ങളെക്കുറിച്ചു ചുവടെ പരാമർശിക്കാം. നവീനഭാവങ്ങളുടെ സൂചനയും ദിശയും മാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കാനാവൂ. ബാക്കിയൊക്കെ കാത്തിരുന്നു കാണാം.

രണ്ടു പ്രധാന മേഖലകളിലാണ് കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നത്. ഒന്നാമതായി, മതങ്ങളുടെ, പ്രത്യേകിച്ച് ക്രിസ്തീയതയുടെ, സാമൂഹികഭാവം ക്ഷയിച്ച് മതാനുഷ്ഠാനങ്ങൾ കൂടുതൽ വ്യക്തികേന്ദ്രീകൃതമാകാനിടയുണ്ട് എന്ന സന്ദേഹം ശക്തമാണ്. രണ്ടാമത്, എല്ലാ മതങ്ങളും ഡിജിറ്റൽ മാധ്യമങ്ങളെ പുൽകുകയും ഫലപ്രദമായി ഉപയോഗിക്കാൻ ശ്രമിക്കുകയും ചെയ്യും. വാചികസംസ്കാരത്തിലുത്ഭവിച്ച് പുസ്തക (അച്ചടി) സംസ്കാരത്തിൽ തായ്വേരുറപ്പിച്ച ക്രിസ്തീയ വിശ്വാസപരിശീലനത്തിലും ആരാധനാക്രമങ്ങളിലും കലയിലും വാസ്തുവിദ്യയിലും പ്രേഷിതപ്രവർത്തനരീതികളിലുമൊക്കെ കാതലായ അനുരൂപണങ്ങൾ ആവശ്യമായിവരും.

www.malankaralibrary.com



### 3.1 കോവിഡാനന്തരകാലത്ത് മതവിശ്വാസം ഡിജിറ്റൽ രീതികളിലേക്ക് മാറുമോ?

കോവിഡുകാലത്ത് ജോലിയും വിനോദവും ഷോപ്പിംഗും സുഹൃദ്സമ്മേളനങ്ങളോടൊപ്പം മതാനുഷ്ഠാനങ്ങളും ഡിജിറ്റൽ മാധ്യമസങ്കേതങ്ങളെ ആശ്രയിക്കാൻ തുടങ്ങിയത് മതാത്മക ജീവിതത്തിൽ വലിയൊരു മാറ്റമാണ്. തിരുക്കർമ്മങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും ഇടവകസമൂഹത്തെ സഭയുമായി സമ്പർക്കത്തിൽ നിലനിർത്താനും ഇതുപകരിച്ചു. ഇപ്പോൾ പ്രസക്തമായ ചോദ്യം അജപാലകരും വിശ്വാസികളും സഭാത്മകജീവിതത്തിന് ഡിജിറ്റൽ മാധ്യമങ്ങളെ കൂടുതലായി ആശ്രയിക്കാമോയെന്നതാണ്. വ്യക്തമായ ഉത്തരം, ഇല്ല എന്നുതന്നെയാണ്. ഡിജിറ്റൽ/ഓൺലൈൻ പ്രാർത്ഥനയും ആരാധനാരീതികളും ഒരിക്കലും പരമ്പരാഗത സാമൂഹിക ആരാധനാരീതികൾക്ക് പകരം നിൽക്കുകയില്ല. കാരണം, ക്രിസ്തീയ വിശ്വാസം കൂട്ടായ്മയുടെയും കൂട്ടായ ആരാധയുടേതുമായ ഒരു ആവാസവ്യവസ്ഥയാണ് (Eco system). ആരാധനാജീവിതവും ആത്മീയമായ മറ്റു അനുഷ്ഠാനവിധികളും ചടങ്ങുകളും വഴിയാണ് വിശ്വാസം ജീവിതബന്ധിയാകുന്നത്. മനുഷ്യന്റെ ശാരീരിക-ഭൗതിക അസ്തിത്വത്തിനിണങ്ങുന്ന രീതിയിലാണ് (embodied existence) മതങ്ങൾ രൂപപ്പെട്ടിരിക്കുന്നതും അനുഭവവേദ്യമാകുന്നതും. അരൂപിയായ ദൈവത്തെ മൂർത്തരൂപങ്ങളിലും പ്രതീകങ്ങളിലുമാണ് മനുഷ്യൻ അനുഭവിക്കുന്നതും. അതുപോലെ ആത്മീയതയുടെ ഭൗതികാവിഷ്ക്കാരത്തിലൂടെ മാത്രമേ വിശ്വാസം ഇന്ദ്രിയഗോചരവും അനുഭവവേദ്യവുമാകുകയുള്ളൂ.

ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള സമ്പർക്കവും സംസ്കാരങ്ങളും ദൃശ്യ-ശ്രാവ്യ അനുഭവങ്ങൾ നൽകുന്നുണ്ടെങ്കിലും ഭൗതികമായി നടത്തുന്ന സാമൂഹികസാന്നിദ്ധ്യത്തിന്റെയും സംസ്കാരത്തിന്റെയും ആഴം നൽകാൻ അവ പര്യാപ്തമല്ല. കാഴ്ചയെയും കേൾവിയെയും മാത്രമേ ഡിജിറ്റൽ ആക്കാൻ സാധിക്കുകയുള്ളൂ. ഒരു പരിധിവരെ വൈകാരികമായൊരു സ്പർശാനുഭവവും നൽകാൻ കഴിഞ്ഞേക്കാം. എന്നാൽ ഗന്ധവും രുചിയും സ്പർശവും ഡിജിറ്റലാക്കാൻ ഇന്നുവരെ സാധിച്ചിട്ടില്ല. അതിലുപരി വ്യക്തികൾ ഒത്തുചേരുമ്പോഴുണ്ടാകുന്ന സാന്നിധ്യം (presence) ഡിജിറ്റൽ മാധ്യമത്തിൽ സമ്പൂർണമായി സംപ്രേഷണം ചെയ്യാൻ സാധിക്കില്ല. സോഷ്യൽ മീഡിയായിൽ പോലും, വിർച്ചലായി ആരംഭിക്കുന്ന സമ്പർക്കം, ഭൗതികമായ ഒത്തു

www.malankaralibrary.com



ചേരലിൽ മാത്രമാണ് പൂർണ്ണതയെത്തുക. അതുപോലെതന്നെ ക്രിക്കറ്റ് സ്റ്റേഡിയങ്ങളും ഉത്സവപ്പറമ്പുകളും ആഡിറ്റോറിയങ്ങളും മൈതാനങ്ങളും മനുഷ്യരെക്കൊണ്ട് നിറയുന്നതിന്റെ കാരണം ശാരീരികസാന്നിധ്യം വഴിയുള്ള കൂട്ടായ്മയെ മനുഷ്യൻ അത്രയധികം വിലമതിക്കുന്നതാണ്. ആത്മ-ശരീര സമന്വയ (embodied spirit) മാണ് മനുഷ്യൻ. പഞ്ചേന്ദ്രിയങ്ങളിലൂടെ മാത്രമാണ് അവന് പ്രപഞ്ചത്തെയും മറ്റുള്ളവരെയും, ദൈവത്തെപ്പോലും അനുഭവിക്കാനും ആസ്വദിക്കാനും സാധിക്കുകയുള്ളൂ. പഞ്ചേന്ദ്രിയങ്ങളുടെ വിപുലീകരണവും വ്യാപിക്കലും മാത്രമാണ് മാധ്യമങ്ങൾ സാധിച്ചുതരുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യ ദൃശ്യ-ശ്രവ്യാനുഭവം ശക്തമായി തരുന്നതുവഴി പഞ്ചേന്ദ്രിയാനുഭവത്തിന്റെ അനുകരണം നൽകുന്നതിൽ ആകർഷകമാണ് എന്നേയുള്ളൂ.

കത്തോലിക്കാവിശ്വാസപ്രകാരമുള്ള ആരാധനാക്രമങ്ങൾ, കൂദാശകളിലും അനുഷ്ഠാനങ്ങളിലുമൂന്നിയുള്ളതാകയാൽ ശാരീരികസാന്നിധ്യമില്ലാതെ പൂർണ്ണമായി അത് അനുഭവവേദ്യമാവുകയില്ല. മാംസംധരിച്ച വചന (inearnate word) ത്തിലൂടെയാണ് ദൈവികവെളിപാട് അതിന്റെ സമ്പൂർണതയിലും പരിസമാപ്തിയിലുമെത്തുന്നത്. കൂട്ടായ്മ, കൂട്ടപ്രാർത്ഥന, അപ്പംമുറിക്കൽ എന്നിവയായിരുന്നു ആദിമ ക്രൈസ്തവസമൂഹത്തിന്റെ അടിസ്ഥാന ആരാധനാരീതി. കാലക്രമത്തിൽ ഏഴു കൂദാശകളിൽ കേന്ദ്രീകരിച്ചാണ് കത്തോലിക്കാ ആദ്ധ്യാത്മികശുശ്രൂഷ. ദൃശ്യമായ അടയാളങ്ങളും ഭൗതികമായ പ്രതീകങ്ങളും പ്രവൃത്തികളും വഴി മാത്രമാണ് ഓരോ കൂദാശയും അനുഷ്ഠിക്കപ്പെടുക. ദിവ്യബലിയിൽ അപ്പത്തിന്റെ സാദൃശ്യത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴാണ് ബലിയർപ്പണം പൂർത്തിയാകുന്നത്. ദേവാലയഘടനയും ക്രമീകരണങ്ങളും തിരിയും ധൂപവും പാട്ടും പ്രാർത്ഥനയും തിരുവസ്ത്രങ്ങളും തിരുവസ്തുക്കളും ശാരീരികഭാവങ്ങളുമെല്ലാം ഈ കൂദാശാനുഭവത്തിന് അത്യന്താപേക്ഷിതമാണ്. എല്ലാ കൂദാശകളിലും ശാരീരികസാന്നിധ്യവും ശാരീരികമായ കർമ്മാനുഷ്ഠാനങ്ങളുമുണ്ട്. അതിനാൽ കൂദാശകളിൽ ഓൺലൈനായി സമ്പൂർണ്ണ പങ്കാളിത്തം അസാധ്യമാണ്. എന്നാൽ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ കൂദാശകളുടെ ഒരു ദൃശ്യ-ശ്രാവ്യാനുഭവം തീർച്ചയായും നൽകാനാവും. വിർചൽ സാന്നിധ്യ സാധ്യതകൾ (virtual presence) വളരുന്നതനുസരിച്ച് കൗദാശിക സങ്കൽപ്പത്തിലും മാറ്റം വന്നേക്കാം. മാർപ്പാപ്പയുടെ ഉർബി എത്ത് ഓർബി (Urbi et Orbi) അഥവാ നഗരത്തിനും

www.malankaralibrary.com



ലോകത്തിനുമുള്ള ആശീർവാദം ടെലിവിഷനിലൂടെ പങ്കുകൊണ്ട് പൂർണ്ണദണ്ഡവിമോചനം നേടാമെന്നതുപോലെ ഭാവിയിൽ പാപമോചനാശീർവാദവും മറ്റു ആശീർവാദങ്ങളും ഓൺലൈനായി നൽകാൻ സാധ്യതകൾ തെളിയുമായിരിക്കാം. (ഒരർത്ഥത്തിൽ കൂദാശകൾ വിർചൽ സാന്നിധ്യമാണ് – ഇക്കാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്).

### 3.2 ഹൈബ്രിഡ് ചർച്ച്

വിർചൽ തിരുക്കർമ്മങ്ങൾ ശാരീരികസാന്നിധ്യമുള്ള ആരാധനാരീതികളുടെ പകരമാവില്ലെന്നു നാം കണ്ടു. എന്നാൽ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യുന്ന ആരാധനയും പ്രാർത്ഥനയും പ്രസംഗവും തിരുനാളുകളും ഇനിയൊരിക്കലും നിന്നുപോവുകയില്ല. ഡിജിറ്റൽ സംവിധാനം എല്ലാ മതാനുഷ്ഠാനങ്ങളുടെയും ഭാഗമായി നിലനിൽക്കുകതന്നെ ചെയ്യും. അജപാലനത്തിന്റെ വിവിധ മേഖലകളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഇനി ഒഴിവാക്കാനാവുകയില്ല എന്നു മാത്രമല്ല ഫലപ്രദമായി ഉപയോഗപ്പെടുത്താനാവുകയും ചെയ്യും. ആധുനിക മാധ്യമസങ്കേതങ്ങളെ ഒഴിച്ചുനിർത്തിയിരുന്നവരും എതിർത്തിരുന്നവർപോലും കോവിഡുകാലത്ത് ഇവയെ പുൽകിയതുവഴി സഭയിൽ പുതിയൊരു മാധ്യമാനുഭവവും പ്രയോഗവും ഇടം പിടിച്ചു. ഓൺലൈൻ അജപാലനം സഭാചരിത്രത്തിലെ ഒരധ്യായം മാത്രമല്ല, മുന്നോട്ടുള്ള അജപാലനത്തിലെ അഭിവാജ്യഘടകം തന്നെയായിരിക്കും. ആദ്യ സഹസ്രാബ്ദത്തിൽ കൈയെഴുത്തുപ്രതികളും ആധുനികകാലത്ത് പുസ്തകങ്ങളും വിദ്യാഭ്യാസത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ദൈവശാസ്ത്രപഠനത്തിന്റെയും സുവിശേഷപ്രഘോഷണത്തിന്റെയും ഭാഗമായതുപോലെ വരും ദശകങ്ങളിൽ ദൃശ്യ-ശ്രാവ്യമാധ്യമങ്ങളും ഡിജിറ്റൽ സംപ്രേഷണവും അജപാലനരംഗത്ത് പുതിയ സാധ്യതകളും പ്രയോഗങ്ങളും തുറന്നുതരുമെന്ന് നിസ്സംശയം പറയാം. സവിശേഷമായി, മനുഷ്യകുലത്തിന്റെ സാംസ്കാരിക-സാമൂഹിക-വ്യാവസായിക വ്യാപാരങ്ങളെല്ലാം ഡിജിറ്റൽ മാധ്യമങ്ങളിലേക്ക് കുടിയേറിയതുപോലെ സഭയിലും ഒരു മാധ്യമ പ്രവാസം (media migration) പ്രതീക്ഷിക്കാം. അതിനാൽ ഇനി മുന്നോട്ട് ഹൈബ്രിഡ് ചർച്ചുകളായിരിക്കും ഉണ്ടായിരിക്കുകയെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

www.malankaralibrary.com



ഹൈബ്രിഡ് ചർച്ച് എന്നാൽ, വ്യക്തിപരമായ സാന്നിധ്യവും ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗിച്ചുള്ള അജപാലനശുശ്രൂഷകളും സങ്കരമായി ഉപയോഗിക്കുന്ന അജപാലനരീതി എന്നർത്ഥം. കോവിഡുകാലത്ത് ആരംഭിച്ച ഡിജിറ്റൽ-ഓൺലൈൻ അജപാലന സംവിധാനങ്ങൾ, സാധാരണ നിലയിലുള്ള ദേവാലയകേന്ദ്രീകത ആരാധനയിലേക്ക് മടങ്ങിയശേഷവും ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ കഴിയും. ലൈവ് സ്ട്രീം ലിറ്റർജി മാത്രമല്ല ഇവിടെ വ്യംഗ്യം. സാമൂഹികമാധ്യമങ്ങൾ (social media), ദൃശ്യ-ശ്രാവ്യ പ്രൊഡക്ഷനുകൾ, യൂട്യൂബ്, ഫേസ്ബുക്ക്, ചാനലുകൾ എന്നിവയിലൂടെ ദേവാലയത്തിൽ പതിവായി വരുന്നവരെയും, വല്ലപ്പോഴും വരുന്നവരെയും, ഒരിക്കലും വരാത്തവരെയും, ദൂരസ്ഥരെയും സമീപസ്ഥരെയും ബന്ധപ്പിച്ച് സുവിശേഷപ്രഘോഷണത്തിന് പുതിയ മാനങ്ങൾ നൽകാൻ കഴിയും. ഇതൊരു ആദ്ധ്യാത്മിക ശുശ്രൂഷയായി വളർത്തുന്നതുവഴി അനേകരിലേക്ക് ദൈവത്തിന്റെ കാരുണ്യവും സ്നേഹവുമെത്തിക്കാൻ സാധിക്കും. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ സുവിശേഷത്തെ പ്രതി എല്ലാവർക്കും എല്ലാമാകാൻ (1 കൊറി. 9:22-23) പരമ്പരാഗത അജപാലന രീതിയും ഡിജിറ്റൽ മാധ്യമങ്ങളുപയോഗിച്ചുള്ള ആത്മീയ ശുശ്രൂഷയും കൂട്ടിയിണക്കുന്നതുവഴി സാധിക്കും. ഇതിനായുള്ള പരിശീലനം സെമിനാരികളിലും വൈദികർക്കും സന്ന്യാസിനികൾക്കും മതാധ്യാപകർക്കും നൽകുകയും ഇടവകകളെല്ലാം ഡിജിറ്റൽ മിനിസ്ട്രികൾക്കായി ആളും അർത്ഥവും മാറ്റിവയ്ക്കുകയും ചെയ്യണം. വലിയ ദേവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും വേണ്ടി ഫണ്ട് സ്വരൂപിക്കുന്നതോടൊപ്പം ഒരു തുക ഈ ദൗത്യത്തിനും കൂടി മാറ്റിവയ്ക്കുകയും യുവതലമുറയുടെ കഴിവുകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക വഴി ഹൈബ്രിഡ് ചർച്ച് ജന്മമെടുക്കും.

മതനിരപേക്ഷവും മതേതരവുമായ ഒരു സംസ്കാരത്തിലേക്ക് ലോകം തെന്നിമാറിക്കൊണ്ടിരിക്കുകയാണ്. ഭൗതികവാദവും വ്യാവഹാരികപ്രധാനമായ ജീവിതവും മനുഷ്യനെ മതകർമ്മങ്ങളിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുകയാണ്. വിശ്വാസവർഷം പ്രഖ്യാപിച്ചുകൊണ്ട് റോമിൽ നിന്നും പുറപ്പെടുവിച്ച രേഖയിൽ സൂചിപ്പിക്കുന്നതുപോലെ വിശ്വാസജീവിതം മരുഭൂമിവത്കരണത്തിലൂടെ (desertification) കടന്നുപോവുകയാണ്. എന്നാൽ കോവിഡ് മഹാമാരി ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ഉയർത്തുന്ന ചോദ്യശരങ്ങൾക്കു മുമ്പിൽ പകച്ചു

www.malankaralibrary.com



നിൽക്കുന്ന മനുഷ്യരുടെയിടയിലേക്ക് സുവിശേഷവുമായി എത്തേണ്ടത് ഇന്ന് സഭയുടെ ധർമമാണ്. ദേവാലയത്തിലേക്ക് ആളുകൾ വന്നില്ലെങ്കിൽ ദേവാലയം (അജപാലനം) ആളുകൾ വ്യാപരിക്കുന്ന മേഖലകളിലേക്ക് സഞ്ചരിക്കണമെന്നാണല്ലോ ഫ്രാൻസിസ് മാർപ്പാപ്പാ പഠിപ്പിക്കുന്നത്. ഇന്റർനെറ്റ് സൃഷ്ടിക്കുന്ന ഡിജിറ്റൽ ലോകമായ സൈബർ സ്പേസിൽ നിറഞ്ഞുകവിയുന്നത് വാണിജ്യപരവും ഭോഗപരവുമായ ദൃശ്യ-ശ്രാവ്യ ആവിഷ്കാരങ്ങളും ലൈംഗിക അതിപ്രസരവും മതാത്മകതയില്ലാത്ത ആദ്ധ്യാത്മികതയെന്ന പേരിൽ പ്രചരിക്കുന്ന സുഖസംതൃപ്തി (wellness) കേന്ദ്രീകൃതമായ ജീവിതശൈലിയുമാണ്. അതിനാൽ ക്രിയാത്മകവും ആത്മീയനന്മയ്ക്കുപകരിക്കുന്നതുമായ ദൃശ്യ-ശ്രാവ്യ സൃഷ്ടികൾ യൂട്യൂബിലും ഫേസ്ബുക്കിലും ആപ്പുകൾ വഴിയും ലഭ്യമാക്കി പ്രചരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കോവിഡുകാലത്തേതുപോലെ ലൈക്കിനും ഷെയറിനും വേണ്ടി ഇടവകകളും വ്യക്തികളും മത്സരിക്കാതെ ക്രിസ്തീയ സന്ദേശം ഉൾക്കൊള്ളുന്ന ആകർഷകവും അഭിലഷണീയവും ആത്മീയത തേടുന്നവരെ പ്രചോദിപ്പിക്കുന്നതുമായ ഡിജിറ്റൽ ആത്മീയ വിഭവങ്ങൾ ഒരുക്കുക എന്നത് കോവിഡാനന്തര അജപാലനത്തിന് നവീനഭാവം നൽകുകതന്നെ ചെയ്യും.

### 3.3 വ്യക്തിഗത ആദ്ധ്യാത്മികതയുടെ അതിപ്രസര സാധ്യത

ഇന്റർനെറ്റും സ്മാർട്ട് ഫോണും വ്യക്തിഗതമായ വിനോദങ്ങളും വ്യാപാരങ്ങളും വർധിക്കുവാനിടയാക്കിയിട്ടുണ്ട്. വ്യക്തിയാണ് സർവ്വപ്രധാനമെന്ന ആധുനികതയുടെ ബൗദ്ധിക സിദ്ധാന്തത്തിന് ആക്കം കൂട്ടുവാൻ വ്യക്തികേന്ദ്രീകൃത മാധ്യമങ്ങൾ ഇടയാക്കി. സമൂഹമാധ്യമങ്ങൾ പോലും യഥാർത്ഥ സാമൂഹികതയും കൂട്ടായ്മയുമല്ല മറിച്ച്, ബന്ധപ്പെടൽ (connection) മാത്രം ആണ് പ്രയോഗത്തിൽ സാധ്യമാക്കുന്നത് എന്ന് പറയാറുണ്ട്. Alone together എന്ന ഒരു പുസ്തകം തന്നെ പ്രസിദ്ധമാണ്. കോവിഡുകാലത്ത് ഈ ഒറ്റപ്പെടലും ഒറ്റയ്ക്കുള്ള വിനോദങ്ങളും ജോലികളും വർധിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലം ഏകാന്തതയുടെ കാലമായി മാറിയിട്ടുണ്ട്.

എല്ലാക്കാലത്തും മതങ്ങളാണ് സാമൂഹികതയെ മുറുകെപ്പിടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നത്. സാമൂഹികാരാധനയും ഉത്സവങ്ങളും തിരുനാളാഘോഷങ്ങളും സാമൂഹികതയുടെയും സാഹോദര്യത്തിന്റെയും പ്രകടനങ്ങളാണ്. എന്നാൽ കോവിഡുകാലത്ത്

www.malankaralibrary.com



പൊതുആരാധന നിലയ്ക്കുകയും ഓൺലൈൻ തിരുക്കർമ്മങ്ങളാവുകയും ചെയ്തപ്പോൾ മതാത്മകതയുടെ സാമൂഹികമാനംകൂടി നഷ്ടമാവുകയായിരുന്നു. ഇതോടൊപ്പം ഉത്തരാധുനികതയുടെ സൃഷ്ടിയായ നവയുഗചിന്തകളും മതമില്ലാത്ത ആത്മീയതയും (spirituality without religion) കൂടി ചേർന്നപ്പോൾ മനുഷ്യൻ ഏകാന്തപഥികനായി മാറുകയാണ്. ഒറ്റപ്പെടലില്ലാത്ത ഏകാന്തത എല്ലാവർക്കും അത്യാവശ്യമാണ്. എന്നാൽ വ്യക്തികേന്ദ്രീകൃതമായ നവയുഗ ആത്മീയതയും കാഴ്ചപ്പാടുകളും മനുഷ്യരെ മാനസികവും ആത്മീയവുമായ ഒറ്റപ്പെടലിലേക്ക് നയിക്കുന്നു.

കോവിഡ്കാലത്ത് വ്യക്തിഗത പ്രാർത്ഥന, ധ്യാനം, ആദ്ധ്യാത്മിക പാരായണം, ഭക്ത്യാഭ്യാസങ്ങൾ എന്നിവ സ്വഭാവികമായും പ്രോത്സാഹിപ്പിക്കപ്പെടുകയുണ്ടായി. അത് ന്യായമായൊരു സംഭവവികാസമായിരുന്നുതാനും. എന്നാൽ കോവിഡാനന്തരകാലത്ത് മനുഷ്യർ പൊതു ആരാധനയിലേക്കും ദേവാലയങ്ങളിലേക്കും സാമൂഹിക കൂട്ടായ്മകളിലേക്കും സ്വമേധയാ മടങ്ങുമോ, അതോ മതം വ്യക്തിഗത തലങ്ങളിലേക്ക് ചുരുങ്ങുമോ എന്ന ചോദ്യം പ്രസക്തമാണ്. മതാത്മകത, ആന്തരികവും വൈയക്തികവുമായ തലങ്ങളിലേക്ക് നീങ്ങാനാണ് കൂടുതൽ സാധ്യതയെന്നു പറയുന്നവരുണ്ട്. പരമ്പരാഗത മതാത്മകത ആരാധനാരീതികളിലും അനുഷ്ഠാനങ്ങളിലും താത്പര്യമില്ലാത്തവരും സ്സെൻ (Zen), വിപാസന (Vipasana), യോഗ, സംഗീത തെറാപ്പി, സുഖസ്ഥിതി (wellness) മുറകൾ എന്നിവയിൽ ആകൃഷ്ടരായവരും ദേവാലയകേന്ദ്രീകൃതമായ മതാനുഷ്ഠാനങ്ങളിലേക്ക് തിരികെയെത്തിയെന്നുവരില്ല. അതോടൊപ്പം ഇന്ന് പ്രബലമായിക്കൊണ്ടിരിക്കുന്ന മതനിരപേക്ഷ-ഭോഗസംസ്കാരവും മതാത്മകതയിൽ നിന്ന് മനുഷ്യനെ അകറ്റിയേക്കാം. കോവിഡാനന്തരകാലത്ത് ഇത്തരം പ്രവണതകളെക്കൂടി കണക്കിലെടുത്തു അജപാലനരീതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ആന്തരികതയിലൂന്നിയ ആദ്ധ്യാത്മികതയിലേക്ക് മനുഷ്യർ തിരിയുന്നത് ശുഭോദർക്കമാണ്. ആന്തരികതയില്ലാത്ത അനുഷ്ഠാനങ്ങൾക്ക് - അവ സാമൂഹികമായാലും വ്യക്തിഗതമായാലും - ഫലമില്ലെന്ന് നമ്മെ പഠിപ്പിക്കുകയാണ് വർദ്ധിച്ചുവരുന്ന മതമൗലികവാദവും വർഗ്ഗീയധ്രുവീകരണവും. മതപരമായ ചടങ്ങുകളിലും ബാഹ്യാനുഷ്ഠാനങ്ങളിലും മാത്രം ശ്രദ്ധചെലുത്തി ദൈവാനുഭവത്തിലേക്ക് മനുഷ്യനെ നയിക്കുന്നതിൽ മതങ്ങൾ പരാജയപ്പെടുമ്പോഴാണ് ആളുകൾ 'മതാ

www.malankaralibrary.com



ത്മക'ജീവിതത്തിൽ നിന്നകന്ന് ആത്മീയതയിൽ കേന്ദ്രീകരിച്ചുള്ള വിശ്വാസരീതികളിലേക്ക് മാറുന്നത്.

അതിനാൽ സാമൂഹിക ആരാധനയും ആന്തരികതയിലൂന്നിയ വൈയക്തിക ആധ്യാത്മികതയും കൂട്ടിച്ചേർത്തുള്ള വിശ്വാസ പരിശീലനരീതിയും അജപാലനസംവിധാനങ്ങളുമുണ്ടാകേണ്ടത് ഇന്ന് അത്യാവശ്യമാണ്. ഭാവിയിലെ ക്രിസ്ത്യാനി ഒരു ആത്മജ്ഞാനി (mystic) ആയിരിക്കണമെന്ന് കാൾ റാനർ പറഞ്ഞിട്ടുണ്ട്. അതിനാൽ കോവിഡാനന്തര അജപാലന ആശയങ്ങളും രീതികളും ക്രിസ്തീയ വിശ്വാസത്തിന്റെ സാമൂഹിക അനുഷ്ഠാനങ്ങളോടൊപ്പം ആഴമായ ആന്തരികതയും വ്യക്തിഗത ആധ്യാത്മികതയും കൂടി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി കത്തോലിക്കാസഭയിൽ ബൈബിൾ വായനയും പഠനവും ധ്യാനവും കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം പരമ്പരാഗതരീതിയിൽ ദേവാലയകേന്ദ്രീകൃത അജപാലനത്തോടൊപ്പം വ്യക്തികേന്ദ്രീകൃതമായ അജപാലന സേവനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി ആധുനിക ഡിജിറ്റൽ മാധ്യമങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പരമ്പരാഗത വാചിക -പുസ്തക (oral-text) കേന്ദ്രീയ അജപാലന സമ്പർക്കരീതികളോടൊപ്പം നവമാധ്യമങ്ങളെയും കാര്യക്ഷമമായും ക്രിയാത്മകമായും ഉപയോഗപ്പെടുത്തിയാൽ ഇന്നത്തെ യുവതലമുറയും കുട്ടികളും അധികമായി വ്യാപരിക്കുന്ന സൈബർ ലോകത്തും (cyber world) ഡിജിറ്റൽ മേഖലകളിലും (digital highways) സുവിശേഷസാന്നിധ്യം ഉറപ്പാക്കാൻ കഴിയും. സഭയുടെ ലക്ഷ്യം മാറിയിട്ടില്ല. എന്നാൽ അജപാലനമാർഗങ്ങളും പതിവുകളും മാറേണ്ടിയിരിക്കുന്നു. പരമ്പരാഗത കൂട്ടായ്മാരീതികൾ കൈവിടാതെതന്നെ നവമാധ്യമങ്ങളെ സമന്വയിപ്പിച്ച് സമകാലികമായ ഒരു അജപാലനരീതി പുനരാവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. കോവിഡുകാലം ഈ 'പുതിയ സാധാരണത'(new normal)യ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

### ഉപസംഹാരം

കോവിഡുകാലത്തെയും കോവിഡാനന്തരകാലത്തെയും അജപാലനവെല്ലുവിളികളെയും നവീനഭാവങ്ങളെയും സമൃക്കായി അവതരിപ്പിക്കുകയായിരുന്നു ഈ ലേഖനത്തിൽ. കോവിഡുകാലത്ത് നവമാധ്യമങ്ങളെ പുൽകിക്കൊണ്ട് അജപാലനരംഗത്ത് പുതിയ ഒരു മാധ്യമ

www.malankaralibrary.com



സംസ്ക്കാരം രൂപം കൊള്ളുന്നതായി നാം കണ്ടു. നൂറ്റാണ്ടുകളായി സഭ നിധിപോലെ കാത്തുസൂക്ഷിക്കുകയും ഫലം കാണുകയും ചെയ്ത സമൂഹാധിഷ്ഠിതവും കൗദാശികവുമായ ആരാധനയിലൂന്നിയ അജ പാലനരീതി കൈമോശം വരാതെതന്നെ ആധുനിക ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഇന്റർനെറ്റും നവസാമൂഹികമാധ്യമങ്ങളും സമഗ്രമായി യോജിപ്പിച്ച് കാലികപ്രസക്തമായ അജപാലനസമ്പർക്കസംസ്ക്കാരം രൂപപ്പെടുത്തുകയെന്നത് മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ നിയോഗമാണ്. കോവിഡ് കാലത്ത് തുടക്കം കുറിച്ച മാധ്യമ സാംസ്ക്കാരിക അനുരൂപണം, സമ്പർക്ക ഉപകരണഭേദം (change of medium) മാത്രമായി അവശേഷിക്കാതെ ആശയസംവേദനക്ഷമതയിലും ശൈലിയിലുമുള്ള രൂപാന്തരീകരണമായി പരിഗണിക്കുമ്പോൾ മാത്രമേ ഡിജിറ്റൽ സങ്കേതങ്ങളിലേയ്ക്കും സൈബർ യുഗത്തിലേയ്ക്കുമുള്ള സഭയുടെ കുടിയേറ്റം കാര്യക്ഷമവും ഫലപ്രദവുമാകുകയുള്ളൂ. അതിന് സമ്പർക്കരീതിയിലും വിശ്വാസപ്രഘോഷണരീതിയിലും ആശയാവിഷ്ക്കരണതലത്തിലും പ്രതീകങ്ങളിലും പ്രത്യക്ഷത്തിലും വിശ്വാസപ്രകടനങ്ങളിലുമെല്ലാം ഡിജിറ്റൽ ആശയാവിഷ്ക്കാരത്തിന്റെ ലിപിയും വ്യാകരണവും ശൈലിയും (alphabet, grammar and style of digital language) സ്വായത്തമാക്കണം. ഇക്കാര്യത്തിൽ സഭ ഇനിയും ബഹുദൂരം സഞ്ചരിക്കാനുണ്ട്.

കാലാകാലങ്ങളിലുണ്ടായ നൂതന ആശയാവിഷ്ക്കരണരീതികളെയും മാധ്യമസങ്കേതങ്ങളെയും സ്വായത്തമാക്കാനും സ്വാംശീകരിച്ച് സ്വകീയമാക്കുവാനും ക്രിസ്തീയ സഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. വാചിക സംസ്ക്കാരവും എഴുത്തുവിദ്യയും ഒരുപോലെ പ്രയോജനപ്പെടുത്തിയാണ് ബൈബിൾ രൂപം കൊണ്ടത്. ചുരുളുകളും കൈയെഴുത്തുപുസ്തകവുമുപയോഗിച്ചാണ് ക്രിസ്തീയവിശ്വാസം പ്രചാരം നേടിയതും ദൈവശാസ്ത്രപരമായി വളർന്നതും. അച്ചടി വിദ്യയെ സമ്പൂർണ്ണമായി പുൽകിയതിന്റെ ഫലമാണ് ഇന്നത്തെ വൈദികപരിശീലനരീതികളും, വേദപാഠപുസ്തകങ്ങളും, ദൈവശാസ്ത്രഗ്രന്ഥങ്ങളും, ആരാധനാക്രമങ്ങളും, ഭരണരീതികളുമെല്ലാം സഭയിൽ രൂഢമൂലമായത്. എന്നാൽ ദൃശ്യ-ശ്രാവ്യമാധ്യമങ്ങളെ സ്വായത്തമാക്കുന്നതിൽ മാത്രം സഭ പകച്ചുനിന്നുപോയി. വത്തിക്കാൻ കൗൺസിൽ മുതൽ 2021-ലെ ലോക സമ്പർക്കദിന (world communications day) സന്ദേശംവരെ ആവർത്തിച്ചാവർത്തിച്ച് പഠിപ്പിക്കുന്ന ഒരു കാര്യമാണ് ആധുനികമാധ്യമസങ്കേ

www.malankaralibrary.com



തങ്ങളെയും സൈബർലോകത്തെയും അജപാലനമേഖലയായി കരുതി സുവിശേഷവത്ക്കരണം നടത്തണമെന്നത്. അരനൂറ്റാണ്ടത്തെ സഭാ പഠനങ്ങൾ പിൻബലമാക്കിക്കൊണ്ട് കോവിഡുകാലത്ത് ഈ മേഖലയിൽ ഒരു എടുത്തുചാട്ടം തന്നെയുണ്ടായി. എന്നാൽ സൈബർ സമുദ്രത്തിൽ മുങ്ങിപ്പോകാതെ സുഗമമായി സഞ്ചരിക്കാൻ അജപാലനത്തിൽ പങ്കുവഹിക്കുന്ന എല്ലാവരും ഡിജിറ്റൽ വിദ്യയിലും ഭാഷയിലും സംസ്ക്കാരത്തിലും പാടവവും പരിചയവും പരിജ്ഞാനവും നേടേണ്ടിയിരിക്കുന്നു. ആദ്യചുവടുവെപ്പെന്ന കടമ്പ കടന്നുകഴിഞ്ഞു. ഇനി അതിവേഗം, ബഹുദൂരം.

www.malankaralibrary.com

## ഉള്ളടക്കം

പത്രാധിപക്കുറിപ്പ്

1. **കോവിഡുകാല അജപാലനം : വെല്ലുവിളികളും നവീനഭാവങ്ങളും** 05
   - ഡോ. ജോസ് പാലക്കീൽ

2. **മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഫ്രെയിമുകൾ** 32
   - പ്രൊഫ. ജോസി ജോസഫ്

3. **കോവിഡ് കാലത്തെ ഡിജിറ്റൽ മുതലാളിത്തവും ഭരണകൂടനിരീക്ഷണവും** 41
   - ഫാ ജോസഫ് ഇലഞ്ഞിമറ്റം

4. **മഹാമാരിയിൽ ലക്ഷ്യം കാണാത്ത ആശയവിനിമയം** 70
   - റ്റി സി മാത്യു

5. **ഓൺലൈൻ വിദ്യാഭ്യാസം - പഠനത്തിലും പേരന്റിങ്ങിലും പുതിയ കാല സാദ്ധ്യതകളും വെല്ലുവിളികളും** 77
   - ഡോ ചാക്കോച്ചൻ ഞാവള്ളിൽ

6. **കാൾ റാനർ: കഴിഞ്ഞ നൂറ്റാണ്ടിന്റെ ദൈവശാസ്ത്രചിന്താവിചക്ഷണൻ** 84
   - ഫാ. ജോസഫ് ഈറ്റോലിൽ

www.malankaralibrary.com

# മതവും ചിന്തയും

## കോവിഡും പുതിയൊരു മാധ്യമ സംസ്കാരവും

സെപ്റ്റംബർ – ഒക്ടോബർ 2020 പുസ്തകം 100-B ലക്കം 5

PONTIFICAL INSTITUTE ALWAYE

100 CENTENARY YEAR 1920-2020